# ദൈവസഭാ ദൂതൻ

വാല്യം 48 മാർച്ച് - 2015 ലക്കം 2 ₹ 10



ദാവീദ് ഫെലിസ്ത്യനോടു പറഞ്ഞതു:
നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു;
ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ
ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ
നാമത്തിൽ നിന്റെ നേരെ വരുന്നു.

(1 Samuel 17:45)

## ഈ ലക്കത്തിൽ


| | | |
|---|---|---|
| 1 | താഴ്മ | 3 |
| 2 | കരുതലിന്റെ കരം കാറ്റിലും | 5 |
| 3 | അരാമിലെ അടിമപെൺകുട്ടി | 8 |
| 4 | നമ്മുടെ ഇടയിൽ അസൂയയോ? | 11 |
| 5 | മനുഷ്യനെതിരെ ദൈവശബ്ദം | 13 |
| 6 | ദൈവം പ്രശ്നങ്ങളെ മാറ്റുമോ? | 16 |
| 7 | യുവതരംഗം | 19 |
| 8 | സ്വർഗ്ഗത്തിൽ ഇരുന്ന് പാതാളത്തിലേക്ക് ഒരു യാത്ര | 20 |
| 9 | God Delivered Me | 21 |
| 10 | പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും | 22 |
| 11 | പുത്തൻ തലമുറ | 26 |



# CHURCH OF GOD HERALD

ദൈവസഭാനാവായ ഒരു ഉത്തമ പ്രതിമാസ പ്രസിദ്ധീകരണം
ലേഖനസംബന്ധമായ ഉത്തരവാദിത്വം ലേഖനകർത്താവിനു മാത്രം

വാർഷിക വരിസംഖ്യ : ഇന്ത്യയിൽ 100 രൂപ
ഇന്ത്യയ്ക്ക് വെളിയിൽ 1000 രൂപ
ആയുഷ്ക്കാല വരിസംഖ്യ : ഇന്ത്യയിൽ 1500 രൂപ
ഇന്ത്യയ്ക്ക് വെളിയിൽ 15000 രൂപ

**കത്തുകൾ, ലേഖനങ്ങൾ, മാറ്റപത്രങ്ങൾ, വരിസംഖ്യ എന്നിവ അയയ്ക്കേണ്ട വിലാസം**



Br. Paul Thomas
Church Of God Herald, CRA - 67, Chakungal Road
Palarivattom, Kochi - 682 025
Phone: 9249720378
e-mail: padipurakkal@yahoo.co.uk



- Chief Editor: Br. Paul Thomas

EDITORIAL BOARD

- Pr. George Philip
- Pr. P. Solomon
- Prof. John M. George
- Eva. T. M. Eldo
- Br. Paul Varghese Medamana
- Sr. Podiamma Thomas

CO-ORDINATING COMMITTEE

- Pr. T. L. Shaji
- Pr. Pradeep Thomas
- Eva. Bright Daniel
- Br. Jose P. N.
- Sr. Dainy Paul
- Sr. Latha Jose

# എഡിറ്റോറിയൽ



## താഴ്മ

**മ**നുഷ്യർ പൊതുവെ അഹങ്കാരികളും നിഗളികളും സ്വയം പ്രശംസാലുക്കളും, സ്ഥാനമാനങ്ങക്കുവേണ്ടി അവിഹിത മാർഗ്ഗങ്ങൾ തേടുന്നവരും മത്സരികളും ആണെന്നു കാണാൻ കഴിയും. മനുഷ്യനിലുള്ള ദുഷ്ടതയാണ് ഒരുവനെ ഇത്തരത്തിലുള്ള സ്വഭാവങ്ങൾക്കടിമയാക്കുന്നത്. എന്നാൽ ഇതിൽനിന്നും തികച്ചും വ്യത്യസ്തമായി നിഷ്കളങ്കതയോടുകൂടി ഒരുവനു പെരുമാറാൻ കഴിയുന്നുവെങ്കിൽ അത് അവനിലുള്ള താഴ്മയെന്ന ഏറ്റവും ഉന്നത സ്വഭാവത്തിനുടമയായതുകൊണ്ടാണ്. ചില പഞ്ചനക്ഷത്ര കെട്ടിട സമുച്ചയത്തിന്റെ മുമ്പിൽ ഗെയ്റ്റ് തുറക്കാനായി നിൽക്കുന്ന കാവൽക്കാരന്റെ മനോഭാവവും പെരുമാറ്റവും കണ്ടാൽ തന്റേതാണ് ഇതെല്ലാമെന്നും തന്റെ ദാക്ഷണ്യത്തിലാണു നിങ്ങൾക്കു ഗെയ്റ്റ് തുറന്നുതന്ന് അകത്തേക്കു കടത്തിവിടുന്നതെന്നും തോന്നിപ്പോകും. എന്നാൽ മറ്റു ചില കാവൽക്കാരുടെ പെരുമാറ്റവും സേവനങ്ങളും താഴ്മയും നമ്മെ വല്ലാതാകർഷിക്കുകയും അവരോടു തോന്നിപ്പോകുന്ന കരുണാമനോഭാവം തിരിച്ചുപോരുമ്പോൾ ചെറിയ പാരിതോഷികമായി അവരെ ഏല്പിക്കുകയും ചെയ്യുന്നു.

സങ്കീർത്തനം 147:6 ൽ ഇങ്ങനെ പറയുന്നു: **"യഹോവ താഴ്മയുള്ളവരെ ഉയർത്തുന്നു; അവൻ ദുഷ്ടന്മാരെ നിലത്തോളം താഴ്ത്തുന്നു"** ദൈവത്തിന്റെ വലിപ്പത്തേയും ശക്തിയേയും അനന്തമായ വിവേകത്തേയും നമ്മെ പഠിപ്പിക്കുവാനായി സങ്കീർത്തനക്കാരൻ ഒരു ചെറിയ ഉദാഹരണം ചൂണ്ടിക്കാണിക്കുന്നു. ആകാശത്തിലെ നക്ഷത്രങ്ങളെ ഓരോന്നിനേയും എണ്ണുകയും അവയെ പേർ ചൊല്ലി വിളിക്കുകയും ചെയ്യുന്നു (സങ്കീ. 147:4). ജ്യോതി ശാസ്ത്രജ്ഞന്മാരുടെ കണക്കനുസരിച്ചു കോടാനുകോടി നക്ഷത്രങ്ങളാണ് ആകാശത്തിലുള്ളത്. കൃത്യമായി പറഞ്ഞാൽ 4 കോടി കോടി കോടിയിലധികമുള്ള നക്ഷത്രങ്ങൾക്കു പേരിടുകയും ഓരോന്നിനേയും പേർ ചൊല്ലി വിളിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ വിവേകത്തെക്കുറിച്ചു ചിന്തിക്കുവാൻപോലും നമുക്കു കഴിയുകയില്ല. മനുഷ്യനിർമ്മിതമായ പ്രശസ്ത നിഘണ്ടുകളിലെ വാക്കുകളുടെ എണ്ണം കേവലം 5 ലക്ഷത്തിൽ ഒതുങ്ങുമ്പോൾ നക്ഷത്രങ്ങളും മറ്റു ജീവജാലങ്ങളുമടക്കം ദൈവത്തിന്റെ നിഘണ്ടുവിലെ വാക്കുകളുടെ എണ്ണം നമ്മുടെ ചിന്തകൾക്കതീതമാണ്. ഈ വലിയവനും

ശക്തനും വിവേകിയുമായ യഹോവയായ ദൈവമാണ് അരുളിച്ചെയ്യുന്നത്: ഞാൻ താഴ്മയുള്ളവരെ ഉയർത്തുകയും ദുഷ്ടന്മാരെ നിലത്തോളം താഴ്ത്തുകയും ചെയ്യും എന്ന്.

കർത്താവായ യേശുക്രിസ്തു മത്തായി 11:27 ൽ തന്നെത്തന്നെ ഇങ്ങനെ പരിചയപ്പെടുത്തുന്നു: "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ." ഞങ്ങളുടെ ജീവിതമോ സ്വഭാവമോ നോക്കേണ്ട, ഞങ്ങൾ പ്രസംഗിക്കുന്നത് ഏറ്റെടുത്താൽ മതി എന്ന് ഇന്നത്തെ സഭാനേതാക്കൾ പറയുമ്പോൾ കർത്താവായ യേശുക്രിസ്തു പറയുന്നു, എന്റെ ജീവിതവും സ്വഭാവവും നോക്കി പഠിക്കുവിൻ. ശിഷ്യന്മാരുടെ ഇടയിൽ തങ്ങളിൽ വലിയവൻ ആർ എന്ന തർക്കം നടക്കുന്നു എന്നു മനസ്സിലാക്കിയ യേശു അവരെ താഴ്മ പഠിപ്പിക്കുന്നതായി യോഹന്നാൻ 13:4 മുതലുള്ള വാക്യങ്ങളിൽ നമുക്കു കാണാം. യേശു അത്താഴത്തിൽനിന്ന് എഴുന്നേറ്റ് ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ടു തുവർത്തുവാനും തുടങ്ങി. ഇവിടെ യജമാനന്റെ പാദം കഴുകുന്ന അടിമയുടെ സ്ഥാനം യേശു ഏറ്റെടുക്കുകയായിരുന്നു. ശിഷ്യന്മാരുടെയെല്ലാം കാൽ കഴുകിയശേഷം യേശു പറഞ്ഞു: **"കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു."** (യോഹ. 13:14). ഉന്നതഭാവവും വലിയവനെന്ന തർക്കവും മാറ്റിവെച്ചു 'നീ എന്നേക്കാൾ വലിയവൻ' എന്ന് അന്യോന്യം സമ്മതിക്കുന്ന ഒരു ശുശ്രൂഷയാണു യേശു നമ്മിൽനിന്നും ആഗ്രഹിക്കുന്നത്. ഇതു ചെയ്യുവാൻ യേശു മനഃപൂർവ്വം പദവി വിട്ടിറങ്ങി എങ്കിൽ നാമും എളിയ ശുശ്രൂഷകൾ പരസ്പരം ചെയ്യുവാൻ മനസ്സുള്ളവരും പദവികൾ വിട്ടിറങ്ങുന്നവരും ആകണം. മറ്റുള്ളവരെ നമ്മേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണുവാൻ കഴിഞ്ഞാൽ മാത്രമേ ദൈവഹിതപ്രകാരം ജീവിക്കുവാൻ കഴിയുകയുള്ളൂ. അവിടെ വലിയവൻ എന്ന ഭാവത്തിനും അഹങ്കാരത്തിനും നിഗളത്തിനും സ്വപ്രശംസക്കും സ്ഥാനമില്ലാതാകും. ക്രിസ്തു ജീവിതത്തിലൂടെ കാണിച്ചുതന്ന താഴ്മ നമ്മുടെ ജീവിതത്തിലും പ്രതിഫലിക്കാൻ തുടങ്ങും.

ലൂക്കോസ് 14:11 ൽ യേശു പറയുന്നു: "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും." സ്വയം ഉയർത്തൽ വിലക്കപ്പെട്ടതും ശപിക്കപ്പെട്ടതുമാണെന്നു ലൂസിഫറിന്റേയും, ആദാമിന്റേയും ഹവ്വയുടേയും, കോരഹിന്റേയും, ഹാമാന്റേയും, നെബുക്കദ്നേസരിന്റേയും, ബേൽശസ്സറിന്റേയും ചരിത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടു താഴ്മ ധരിച്ച്, തന്നെത്താൻ താഴ്ത്തി ദൈവത്താൽ ഉയർത്തപ്പെടുവാൻ നമ്മെത്തന്നെ ഒരുക്കാം. ❄



# കരുതലിന്റെ കരം കാറ്റിലും

പാസ്റ്റർ റ്റി. എൽ. ഷാജി

**ഹാ!** ദൈവത്തിന്റെ ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ, അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവുമാകുന്നു. ഉണ്ടാകട്ടെ എന്ന ഉച്ചാരണത്താൽ ഉലകത്തെ ഉളവാക്കിയ ഉന്നതൻ. ആറുനൂറായിരം വരുന്ന യിസ്രായേൽ മക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവിച്ച് അജഗണംപോലെ ആനയിച്ച് ആപൽക്കരമായിരുന്ന അപരിത ആഴിയെ അവർക്കു മുമ്പിൽനിന്ന് അകറ്റി നിർത്തിയ അത്ഭുതങ്ങളുടെ ദൈവം, ആകാശത്തിലും ഭൂമിയിലും നിറഞ്ഞുനിൽക്കുന്ന സർവ്വവ്യാപി. ഭൂതലത്തിലെ സാഗരത്തെ കൈകുമ്പിളിലൊതുക്കി ആഴിക്കു മണൽത്തരി കൊണ്ട് അതിരിട്ടു മേഘങ്ങളെ തേരാക്കിയ ആകാശചാരി. ആകാശത്തിലെ മേഘങ്ങളെ കൂമ്പാരമായി കൂട്ടുന്ന സർവ്വശക്തൻ, മനുഷ്യമസ്തിഷ്കത്തിനു മനസ്സിലാക്കുവാൻ കഴിയാത്തവിധം കാര്യങ്ങൾ ചലിപ്പിക്കുന്നവൻ കെരൂബിനെ വാഹനമാക്കി കാറ്റിന്റെ ചിറകിലിരുന്ന് അതിനെ പറപ്പിക്കുന്നവൻ. ആ മഹാനും ഭയങ്കരനുമായ ദൈവത്തിന്റെ കരുതലിന്റെ കരം അനുഭവിച്ചറിയാത്ത ഒരു ഭക്തനും ഉണ്ടാകുകയില്ല ഈ ഉലകിൽ.

കാലാകാലങ്ങളിലായി പ്രപഞ്ച സൃഷ്ടിയെ ഓരോ നിലയിൽ ദൈവിക പദ്ധതി നിറവേറ്റുവാൻ അവിടന്ന് ഉപയോഗിച്ചിട്ടുണ്ട്. അതിൽ ഒന്നിനെക്കുറിച്ചു ചില അടയാളപ്പെടുത്തലുകൾക്കു ശ്രമിക്കുകയാണ്. അവൻ കാറ്റുകളെ തന്റെ ദൂതന്മാരായും അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു (സങ്കീ. 104:4). കാറ്റിനെ സൃഷ്ടിച്ച ദൈവം കാറ്റിനു സഞ്ചരിക്കുവാൻ പാതയും വെട്ടി. കാറ്റുപോലും അതിന്റെ കൃത്യമായ സഞ്ചാപദത്തിൽ മാത്രമേ യാത്ര ചെയ്യുകയുള്ളൂ. 1630 ൽ ഗലീലിയോ കാറ്റിന്റെ സഞ്ചാര ദിശയെപ്പറ്റി ലോകത്തിനു വെളിപ്പെടുത്തി. ഈ വസ്തുതയെക്കുറിച്ചു നൂറ്റാണ്ടുകൾക്കു മുമ്പു ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ ഈ കാര്യം വെളിപ്പെടുത്തിയിരിക്കുന്നു. കാറ്റ് തെക്കോട്ടു ചെന്നു വടക്കോട്ടു ചുറ്റിവരുന്നു. അങ്ങനെ കാറ്റു ചുറ്റിത്തിരിഞ്ഞുകൊണ്ടു പരിവർത്തനം ചെയ്യുന്നു (സഭാപ്രസംഗി 1:6) പൂർവ്വനാളുകളിൽ കർത്താവിന്റെ കരുണയുടെയും കരുതലിന്റെയും കരം കാറ്റിലൂടെ കണ്ട വിശുദ്ധന്മാരിലേക്കു നമുക്കൊന്നു ഇറങ്ങിച്ചെല്ലാം.

1985 ഡിസംബർ മാസം 3-ാം തിയ്യതി അന്നത്തെ ദിവസത്തോടു സൂര്യൻ വിട പറഞ്ഞു. സന്ധ്യ നിറങ്ങൾ ചാർത്തി ആകാശത്തിന്റെ അകലങ്ങളിൽ മിന്നിത്തിളങ്ങിയ നക്ഷത്രകൂട്ടങ്ങൾ തലയുയർത്തി പുഞ്ചിരിച്ചു. ചന്ദ്രനിൽനിന്ന് അരണ്ട വെളിച്ചം ഭൂമിയിലേക്ക് ഒഴുകിയിറങ്ങി. ഭോപ്പാൽ റെയിൽവേ സ്റ്റേഷനിൽ തൂക്കിയിരുന്ന ഘടികാരം അതിന്റെ ജോലി കൃത്യമായി നിർവ്വഹിച്ചുകൊണ്ടിരുന്നു. സഹോദരങ്ങളെയും സഹപാഠികളെയും കാത്ത് ഒരുകൂട്ടർ, യാത്രപറച്ചിലിന്റെ വേദനകൾ കടിച്ചമർത്തി കത്തുന്ന ഹൃദയവുമായി നിൽക്കുന്ന മറ്റൊരുകൂട്ടർ.

ഭക്ഷണപ്പൊതികൾ തലയിൽ ചുമന്നുകൊണ്ടു ഖാനാ, ഖാനാ എന്നു വിളിച്ചുകൊണ്ടു നടക്കുന്ന ചിലരും, യാത്രക്കാരുടെ ലഗേജുകൾ ചുമലിൽ വഹിച്ചുകൊണ്ടു

പോകുന്ന പോട്ടർമാരുടെ ഒരു നിരയും, തിക്കും തിരക്കും അല്പം ശാന്തമായിട്ടു റെയിൽവേ ഫ്ളാറ്റ്ഫോമിൽ അന്തിയുറങ്ങുവാൻ ചുറ്റിപ്പറ്റി നിൽക്കുന്ന അശരണരായവർ അനവധിയും അന്നേദിവസം ഉറങ്ങുവാൻ കിടന്നിട്ട് ഇന്നുവരേയും ഉണർന്നിട്ടില്ലായെന്ന് ഓർക്കുമ്പോൾ മനുഷ്യമനസ്സുകൾ മരവിച്ചുപോകും. റെയിൽവേ സ്റ്റേഷനു സമീപത്തായി യൂണിയൻ കാർബൈഡിന്റെ കമ്പനിയിൽ മീത്തേൽ ഐസോ സൈനേഡ് എന്ന വാതകം നിറച്ചിരുന്ന ടാങ്ക് ലീക്കായി ടാങ്കിന്റെ ഗതി അനുസരിച്ചു വിഷവാതകം യാത്രചെയ്തുകൊണ്ടിരുന്നു. വായുവിലുള്ള ഓക്സിജൻ മലിനപ്പെട്ടതുകൊണ്ടു ശ്വാസോച്ഛ്വാസം ചെയ്യുവാൻപോലും കഴിയാതെ മരണത്തിന്റെ കറുത്ത ചിറകിൻകീഴിൽ അനേകർ അമർന്നു കാറ്റിലൂടെ വിഷസംഹാരകൻ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. അതു ശ്വസിക്കുന്ന ശരീരങ്ങൾ നിശ്ചലമായിക്കൊണ്ടിരുന്നു. അവിടെനിന്നും അധികം ദൂരമില്ല ഡക്ലസ് മിഷന്റെ അനാഥാലയം. രക്തബന്ധങ്ങളുടെ വാത്സല്യം കൊതിച്ചിട്ടും അതു ലഭിക്കാത്ത നിരവധി അനാഥബാല്യങ്ങൾ. എന്നാൽ മാതാവായി പിതാവായി അവരുടെ മുമ്പിൽ നിൽക്കുന്ന ദൈവസ്നേഹം തങ്ങളെ ഭാഗ്യവാന്മാരാക്കിത്തീർത്ത സന്തോഷ തിമിർപ്പിൽ പ്രശോഭിതരായി നിൽക്കുകയാണ് ആ പിഞ്ചുകുഞ്ഞുങ്ങൾ. അവരെ ശാസിക്കുവാനും ശിക്ഷിക്കുവാനും, യഹോവാ ഭക്തിയോടെ വളർത്തുവാനും നിയമിക്കപ്പെട്ട ദൈവദാസനായിരുന്ന പാസ്റ്റർ ശമുവേലും കുടുംബവും അവർ പാർത്തിരുന്ന അനാഥാലയത്തിനു തൊട്ടടുത്തു താമസിച്ചിരുന്നവർപോലും ഈശ്വരാ എന്നു വിളിച്ചു പ്രാണനെ വിട്ടപ്പോൾ അനാഥാലയത്തെ ലക്ഷ്യമാക്കി പാഞ്ഞ കാറ്റിന്റെ ഗതി സ്വർഗ്ഗം നിയന്ത്രിച്ചു. നഹൂം പ്രവാചകൻ ആത്മനിറവിൽനിന്നുകൊണ്ടു വിളിച്ചു പറയുന്നു. യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട് (നഹൂം 1:3). ഇനി വിഷയത്തിലേക്കു പ്രവേശിക്കാം. തിരുവചനത്തിൽ വിവിധ പേരുകളിൽ കാറ്റുകളെ കാണാൻ കഴിയുന്നു. കിഴക്കൻ കാറ്റ്, വടതിക്കാറ്റ്, തെന്നിക്കാറ്റ്, ചുഴലിക്കാറ്റ്, പെരുങ്കാറ്റ്, കൊടുങ്കാറ്റ്, മന്ദമാരുതൻ, ഈശാനമൂലൻ, കൊടിയ കാറ്റ്. ഈ കാറ്റുകളിലൂടെയെല്ലാംതന്നെ ദൈവസ്നേഹം വെളിപ്പെടുത്തുന്നതായി കാണുവാൻ കഴിയുന്നു.

## കിഴക്കൻ കാറ്റ്

ഈജിപ്തിലെ തടവറയിൽനിന്നും വിമോചിതരായ അബ്രഹാമ്യ സന്തതി പാലും തേനും ഒഴുകുന്ന വാഗ്ദത്തദേശത്തിലേക്കുള്ള യാത്രാമദ്ധ്യേ അവരെ പിൻതുടർന്നു പിടിപ്പാൻ ഫറവോനും സൈന്യവും രഥങ്ങളിലും കുതിരകളിലുമായി വരുന്നു. ഈ പ്രതിസന്ധിയിൽ അവർക്കു മുൻപടയായി നിന്ന ദൈവത്തിന്റെ മേഘവും അവരുടെ കണ്ണിനു മുമ്പിൽനിന്ന് അപ്രത്യക്ഷമായി യിസ്രായേൽ ജനത്തിന്റെ ഹൃദയം പിടഞ്ഞു. അപ്പോൾ ഇതാ മഹാശക്തിയുള്ള ഒരു കിഴക്കൻ കാറ്റ്. ഇതു കണ്ട ജനം പരിഭ്രാന്തരായി. എന്നാൽ ആ കിഴക്കൻ കാറ്റിൽ ദൈവത്തിന്റെ കരുണയുടെ കരം വെളിപ്പെടുകയായിരുന്നു. ഈ കാറ്റ് ചെങ്കടലിനെ രണ്ടായി വിഭാഗിച്ചു നിർത്തി. യിസ്രായേൽ കടന്നുപോകുന്നതുവരെ വെള്ളം അവർക്കു മതിലായി നിന്നു. ഈ കാറ്റിനെ കണ്ടു ഭയന്ന ജനം കാറ്റിലൂടെ വെളിപ്പെട്ട ദൈവസ്നേഹം കണ്ടിട്ടു മോശെയോടു ചേർന്നു തപ്പും നൃത്തങ്ങളോടുംകൂടി ഇപ്രകാരം പാടുന്നു. "നിന്റെ കാറ്റിനെ നീ ഊതിച്ചു കടൽ അവരെ മൂടി അവർ ഈയംപോലെ വെള്ളത്തിൽ താണു (പുറപ്പാട് 15:10). കാറ്റിലൂടെ വെളിപ്പെട്ട ദൈവസ്നേഹം എത്രയോ ആശ്ചര്യം.

## 2. ചുഴലിക്കാറ്റ്

വിശ്വാസത്തിന്റെ താക്കോൽക്കൊണ്ട് ആകാശമണ്ഡലങ്ങളെ അടച്ച ഏലിയാവ് ഒരുവനെ തിരയുന്നു. ഒടുവിൽ അദ്ദേ

ഹത്തെ കണ്ടെത്തി. ശാഫാത്തിന്റെ മകനായ എലീശ. പൊള്ളുന്ന വെയിലിൽ വയലിൽ അദ്ധ്വാനിച്ചുകൊണ്ടിരിക്കുമ്പോൾ ഏലിയാവ് തന്റെ പുതപ്പ് എലീശയുടെ മേൽ ഇട്ടു. അന്നുമുതൽ സകലതും വിട്ടു എലീശ ഏലിയാവിന്റെ ശുശ്രൂഷകനായിത്തീർന്നു. ഏലിയാവിന്റെ ശിഷ്യനായിത്തീർന്ന എലീശ ഇപ്പോൾ വളരെ സന്തോഷവാനായിത്തീർന്നിരിക്കുന്നു. തന്റെ യജമാനനിലൂടെ ദൈവം ചെയ്യുന്ന വിടുതലിന്റെ ശുശ്രൂഷകൾ കണ്ടു സന്തുഷ്ടനായി. ഒരു പ്രത്യേക അവസരത്തിൽ തന്റെ കാതുകളെ വിശ്വസിക്കുവാൻ കഴിയാത്തതായ ഒരു വാർത്ത എലീശ കേട്ടു. “ഏലിയാവിനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളപ്പെടുവാൻ ഭാവിച്ചിരിക്കുന്നു.” ഈ വർത്തമാനം കേട്ട മാത്രയിൽ ത്തന്നെ തന്റെ ഹൃദയം പിടഞ്ഞു. തന്റെ യജമാനൻ തന്നെ വിട്ടുപോകുന്നതു തനിക്കു സഹിക്കാനായില്ല. ഇതിനിടയിൽ ഹൃദയത്തെ വേദനിപ്പിക്കുന്ന വാക്കുകളുമായി ബേഥേലിലെ പ്രവാചക ശിഷ്യന്മാർ. ഏലിയാവ് എലീശായോടു ചോദിച്ചു. “ഞാൻ നിങ്കൽനിന്ന് എടുത്തുകൊള്ളപ്പെടുംമുമ്പേ ഞാൻ നിനക്കു എന്തു ചെയ്തുതരേണം”? എലീശ പറഞ്ഞു “നിന്റെ ആത്മാവിന്റെ ഇരട്ടി പങ്ക് എന്റെമേൽ വരുമാറാകട്ടെ.” ഏലിയാവിന്റെ മറുപടി തന്നെ വീണ്ടും ദുഃഖത്തിലാഴ്ത്തി. നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്. അവർ സംസാരിച്ചുകൊണ്ടു നടക്കുമ്പോൾതന്നെ സ്വർഗ്ഗത്തിൽ നിന്ന് അഗ്നിരഥവും അഗ്നി അശ്വവും അവരെ തമ്മിൽ വേർതിരിച്ചു. ഇതിനിടയിൽ ചുഴലിക്കാറ്റിൽ ഏലിയാവ് സ്വർഗ്ഗത്തിലേക്കു കയറി. ഇതെല്ലാം കണ്ടു ഭയപരവശനായി നിൽക്കുന്ന എലീശ ഒരു കാഴ്ച കണ്ടു. താൻ യജമാനനോട് എന്ത് അപേക്ഷിച്ചുവോ അതു ചുഴലിക്കാറ്റിൽ തന്റെ അടുക്കലേക്ക് ഇറങ്ങിവരുന്നു. എലീശയുടെ ദുഃഖംമാറി. മനോവേദന നീങ്ങി. ചുഴലിക്കാറ്റിലും കരുതലിന്റെ കരം തുറക്കപ്പെട്ടു.

*(തുടരും)*

## FORM IV

Statement about ownership and other particulars about newpaper Church of God Herald to be published in the first issue every year after the last day of February.

| | | |
|---|---|---|
| 1. Place of publication | : | Ernakulam, Kerala |
| 2. Periodicity of its publication | : | Monthly |
| 3. Printer's Name | : | Paul Thomas |
| Nationality | : | Indian |
| Address | : | CRA - 67, Chakungal Road, Palarivattom, Kochi - 682 025 |
| 4. Publisher's Name | : | Paul Thomas |
| Nationality | : | Indian |
| Address | : | CRA - 67, Chakungal Road, Paraivattom, Kochi - 682 025 |
| 5. Editor's Name | : | Paul Thomas |
| Nationality | : | Indian |
| Address | : | CRA - 67, Chakungal Road, Palarivattom, Kochi - 682 025 |
| 6. Names and addresses of individuals who own the newspaper and partners or share holders holding more than one per cent of the total capital | : | Paul Thomas, CRA - 67, Chakungal Road, Palarivattom, Kochi - 682 025 |

I, Paul Thomas, hereby declare that the particulars given above are true to the best of my knowledge and belief.

Date: 01- 03-2015 (Sd/-)



# അരാമിലെ അടിമപെൺകുട്ടി

ഡോ. പി.കെ. സാം മല്ലശ്ശേരി

അരാം രാജാവ് യിസ്രായേലിനോടു യുദ്ധം ചെയ്തപ്പോൾ ഉണ്ടായ സംഭവമാണ് ഈ ലേഖനത്തിലെ പ്രതിപാദ്യവിഷയം.

ശേമിന്റെ പുത്രനാണ് അരാം. അരാമിന്റെ സന്തതികളാണ് അരാമ്യർ. യിസ്രായേൽ രാജ്യത്തിന്റെ അയൽരാജ്യമായിരുന്നു അരാം അഥവാ സിറിയ. അവർ അരാമ്യ ഭാഷയാണ് സംസാരിച്ചിരുന്നത്. അരാമ്യ ഭാഷ പ്രസിദ്ധി യാർജ്ജിച്ച ഭാഷയാണ്. ക്രിസ്തുവും അപ്പൊസ്തലന്മാരും അരാമ്യ ഭാഷ സംസാരിച്ചിരുന്നു. "തലീഥാകൂമി," "ഏലോഹീ, ഏലോഹീ ലമ്മാ ശബ്ബക്താനീ", "അബ്ബാ", "മാറാനാഥാ", "ഗോൽഗോഥാ" "മാർത്ത" മുതലായവ അരാമ്യ പദങ്ങളത്രേ.

അരാമ്യരും എബ്രായരുമായുള്ള ബന്ധത്തിനു നല്ല പഴക്കമുണ്ട്. ന്യായാധിപന്മാരുടെ കാലത്ത് യോർദ്ദാൻ നദിയുടെ ഉത്ഭവസ്ഥാനത്തിനടുത്തായി അരാമ്യർ കേന്ദ്രീകരിച്ചതായി കാണുന്നുണ്ട്. യിസ്രായേല്യരും മറ്റു രാജാക്കാന്മാരും തമ്മിൽ യുദ്ധത്തിൽ ഏർപ്പെട്ടിട്ടുണ്ട്, സഖ്യത്തിലും കഴിഞ്ഞിട്ടുണ്ട്.

യുദ്ധത്തിലേർപ്പെട്ട സമയത്ത് അരാമ്യർ യിസ്രായേല്യരെ തോല്പിച്ച് അനേകംപേരെ അടിമകളാക്കി കൊണ്ടുവന്നിരുന്നു. അരാമ്യർ കവർച്ചപ്പടയുമായി വന്നപ്പോൾ അരാം രാജാവിന്റെ സേനാപതിയും പരാക്രമശാലിയുമായിരുന്നു നയമാനാണു യുദ്ധം നയിച്ചത്. പലരേയും അടിമകളാക്കിയ കൂട്ടത്തിൽ ഒരു ചെറിയ യഹൂദപെൺകുട്ടിയെകൂടി പിടിച്ചുകൊണ്ടുവന്നു. അവളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. അവൾ നയമാന്റെ ഭാര്യയ്ക്കു ശുശ്രൂഷ ചെയ്തുവന്നു. "അരാമ്യർ കവർച്ചപ്പടയായി വന്നിരുന്നപ്പോൾ യിസ്രായേൽ ദേശത്തുനിന്ന് ഒരു ചെറിയ പെൺകുട്ടിയെ പിടിച്ചുകൊണ്ടുപോയിരുന്നു. അവൾ നയമാന്റെ ഭാര്യയ്ക്കു ശുശ്രൂഷ ചെയ്തുവന്നു" (2 രാജാ. 5:2) നയമാൻ പരാക്രമശാലിയായിരുന്നുവെങ്കിലും കുഷ്ഠരോഗിയായിരുന്നു. കുഷ്ഠരോഗം മാറിക്കിട്ടുവാനായി നയമാനും കുടുംബവും പല മാർഗ്ഗങ്ങൾ തേടിയിട്ടുണ്ടാവാം. പക്ഷെ ഫലം ഉണ്ടായില്ല. തന്റെ യജമാനന്റെ കുഷ്ഠരോഗത്തെക്കുറിച്ചു കുട്ടിക്ക് ഒരു വലിയ മനോഭാരം തന്നെയുണ്ടായിരുന്നു. ഇതുപോലെ വിധേയപ്പെട്ടവരോടു കൂറും ബഹുമാനവും വിശ്വാസികളായ നമുക്കും ഉണ്ടായിരിക്കണം. എലീശാ പ്രവാചകനെ അവൾ മുമ്പു കണ്ടിട്ടില്ലായിരുന്നുവെങ്കിലും എലിശയെ കളിയാക്കിയ ബാലന്മാരുടെ കഥകൾ കേട്ടുകാണുമായിരിക്കും. അതുമല്ലെങ്കിൽ ശൂനേംകാരിയുടെ മകനെ എലിശ ഉയർപ്പിച്ച സംഭവം അവളുടെ മനസ്സിൽ കാണുമായിരിക്കാം. ഏതായാലും എലീശ പ്രവാചകനെ സൗഖ്യദാതാവായി അവൾ തന്റെ യജമാനനു ചൂണ്ടിക്കാണിച്ചു കൊടുത്തു. ഒരുപക്ഷേ, കുഷ്ഠം മാറികിട്ടിയില്ലെങ്കിൽ അവൾക്കു കഠിനശിക്ഷ ലഭിക്കുമെന്ന് അവൾ വിചാരിച്ചുകാണും. പോരാ അവൾക്കു ദാരുണമരണം സംഭവിച്ചെന്നും

വരാം. ഒരു യഹൂദബാലികയുടെ വിശ്വാസവും ധൈര്യവും ശുഭപ്രതീക്ഷയും കൈവിടാതെ യജമാനത്തിയോട് എല്ലാം തുറന്നു പറഞ്ഞു. അവൾക്ക് അന്ധവിശ്വാസമുണ്ടായിരുന്നെങ്കിൽ ഒരു മന്ത്രവാദിയെ സമീപിക്കുവാൻ പറഞ്ഞേനെ. അതിനു പകരം അവൾ പറഞ്ഞത് യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ചെന്നാൽ കുഷ്ഠം സുഖപ്പെടുത്തുമെന്നാണ്. "യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നെങ്കിൽ അവൻ അവന്റെ കുഷ്ഠരോഗം മാറ്റി ക്കൊടുക്കുമായിരുന്നുവെന്നു പറഞ്ഞു" (2 രാജാ. 5:3). ഇന്നത്തെ ചില വിശ്വാസികൾ അന്ധവിശ്വാസത്തിലൂടെ സഞ്ചരിച്ചുപോകുന്നതു കണ്ടിട്ടുണ്ട്. അവർ ഈ അടിമപെൺകുട്ടിയെ കണ്ടു പഠിക്കട്ടെ. അവളുടെ നല്ല മനഃസാക്ഷിയും ഉറച്ച വിശ്വാസവും കണ്ടു കുഷ്ഠം സുഖപ്പെടുവാൻ നയമാൻ എലീശയെ സമീപിച്ചു. പ്രവാചകന്റെ നിർദ്ദേശപ്രകാരം യോർദ്ദാൻ നദിയിൽ ഏഴുപ്രാവശ്യം മുങ്ങുകയും പൂർണ്ണമായി സൗഖ്യം പ്രാപിക്കുകയും ചെയ്തു. അവർ അവൾക്കു നന്ദി പറഞ്ഞുകാണും. ഭയഭക്തിയോടും അച്ചടക്കത്തോടും ദൈവാശ്രയത്തിലും സമചിത്തതയോടും അനുസരണത്തോടും യഹൂദമാതാപിതാക്കളാൽ വളർത്തപ്പെട്ടവളായിരുന്നു അവൾ. അതിന്റെ സുഗന്ധം അന്യദേവന്മാരെ സേവിക്കുന്ന ഇവർക്ക് ആസ്വദിക്കുവാൻ കഴിഞ്ഞെന്നു തോന്നുന്നു. ഇവൾ ഒരു അക്രമിയുടെ കയ്യിൽ വീണുപോകാതെ ഒരു ഉന്നതവ്യക്തിയുടെ ഭവനത്തിലേക്കാണു ചെന്നെത്തിയത്. യാദൃശ്ചികമായിരുന്നു അത്. ഗൃഹനാഥയ്ക്കുവേണ്ടി വീട്ടിൽ ജോലി ചെയ്യുന്ന ഇന്നത്തെ പെൺകുട്ടികളുടെ ദുഷിച്ച മാർഗ്ഗങ്ങൾ നാം മാദ്ധ്യമങ്ങളിൽക്കൂടി മനസ്സിലാക്കുന്നുണ്ടല്ലൊ. ചിലരെങ്കിലും മോഷണവും അക്രമവും കൊലയും നടത്തി കുടുംബനായകനെയും വീട്ടമ്മയെയും തകർത്തു കളയുന്നു. ഈ യഹൂദപെൺകുട്ടിയെപ്പോലെ അവർ സദ്സ്വഭാവക്കാരായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. എത്രമാത്രം അനുഗ്രഹമായിട്ടാണു നയമാനും ഭാര്യയും ഈ കുട്ടിയോടു പെരുമാറിയതെന്നും വാത്സല്യച്ചങ്ങലകളാൽ അവളുടെ ജീവിതവുമായി കൊളുത്തപ്പെട്ടുകാണുമെന്നും ഞാൻ ചിന്തിച്ചുപോകുന്നു. അതുകൊണ്ടല്ലേ നയമാന്റെ മാറാവ്യാധിയായ കുഠ്ഷരോഗം പൂർണ്ണമായി മാറിക്കിട്ടുവാൻ സാധിച്ചത്. എലീശാപ്രവാചകന്റെ തുടർന്നുള്ള ഉപദേശങ്ങൾവഴിയായി നയമാനു സകലതും അനുകൂലമായി ഭവിച്ചു. സഹോദരീസഹോദരന്മാരേ, നാം അന്യോന്യം സഹകരിക്കുവാനും സ്നേഹിപ്പാനും മറ്റുള്ളവരെ ശ്രേഷ്ഠരായി എണ്ണുവാനും അന്യർക്കും സ്വന്തക്കാർക്കും നന്മ ചെയ്യുവാനും പരിശ്രമിക്കണം. ദൈവദാസന്മാരാൽ അനുഗ്രഹം പ്രാപിപ്പാൻ നമുക്കു കഴിയണം. അവരെക്കുറിച്ചു നല്ലതു ശുപാർശ ചെയ്യുവാനും ഇടയാകട്ടെ. നമ്മുടെമേൽ കർത്തൃത്വം ചെയ്യുന്നവരെ നാം ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യണം. അരാമ്യയിലെ ഈ അടിമപെൺകുട്ടി അങ്ങനെയാണു ചെയ്തുപോന്നത്.

ഏതായാലും ഈ ബാലിക ആ വീട്ടിലെ അനിഷ്ടമായ സാഹചര്യങ്ങളിൽനിന്ന് ഒളിച്ചോടുകയോ വിപ്രതിപത്തി കാണിക്കുകയോ ചെയ്തില്ല. പകരം അവൾ പഠിച്ച ആത്മീയ സത്യങ്ങളാൽ ആ വീട്ടുകാരെ ജീവനുള്ള ദൈവത്തിന്റെ അനുകാരികളാക്കി മാറ്റിയെടുക്കുവാനാണു സംഗതിയായത്. ജീവനുള്ള ദൈവത്തെ മാത്രമേ ആരാധിക്കുകയുള്ളൂവെന്ന് നയമാനു പ്രതിജ്ഞയെടുക്കുവാൻ കഴിഞ്ഞത് ഈ കുട്ടിവഴിയായിരുന്നു. അവൾ എലിശ പ്രവാചകനെക്കുറിച്ചു പ്രതിപാദിച്ച കാര്യം പരാക്രമശാലിയായ നയമാൻ

എന്ന പട്ടാളമേധാവി പൂർണ്ണമായി വിശ്വസിക്കുകയും അതിൻപടി കാര്യങ്ങൾ നീക്കുകയും ചെയ്തു. യജമാനന് ഈ അടിമയിലുള്ള മതിപ്പും വിശ്വാസവും സ്നേഹവും ഉള വാകത്തക്കവണ്ണമാണോ നമ്മുടെ പെരുമാറ്റരീതികളെന്നു സ്വയം പരിശോധിച്ചുനോക്കേണ്ടിയിരിക്കുന്നു. മുൻവിധിയും വിദ്വേഷവും സ്വാർത്ഥതാമനോഭാവവും നമ്മിലുണ്ടെങ്കിൽ അതെല്ലാം നീക്കിക്കളയണം. നമ്മുടെ വീട്ടിൽ വസിക്കുന്ന അന്യമതസ്ഥരോടും മറ്റും നികൃഷ്ടമായി പെരുമാറരുത്. അവരിൽനിന്നും മണിമുത്തുകൾ നമുക്കു ലഭ്യമായെന്നു വന്നേക്കാം. ആയതിനാൽ അവരേയും ആത്മാർത്ഥമായി സ്നേഹിക്കണം. ഉച്ചനീചത്വങ്ങൾ വെടിയണം. ഒരുപക്ഷേ, ആ അരാമ്യ പെൺകുട്ടിക്ക് ഉന്നതപദവി ലഭിക്കുവാനുള്ള സന്ദർഭം ദൈവം കൊടുത്തുകാണുമായിരിക്കാം. അതുമല്ലെങ്കിൽ നയമാന്റെ സഹധർമ്മണീപദംവരെ അലങ്കരിച്ചുകാണുമെന്നും അനുമാനിക്കാം. രക്ഷിക്കുന്നവനായ ദൈവത്തെ മറ്റുള്ളവർക്കു പരിചയപ്പെടുത്തിക്കൊടുക്കുവാൻ നമ്മെയും ദൈവം സഹായിക്കട്ടെ. നാം ഏതു സാഹചര്യത്തിൽ വന്നുപെട്ടാലും നമ്മുടെ നല്ല സാക്ഷ്യം അചഞ്ചലമായി നിലനിർത്തിക്കൊണ്ടുപോകുവാൻ കർത്താവു തുണയ്ക്കുമാറാകട്ടെ. വിശ്വാസം മാറ്റിമറിക്കുവാനിടവരരുത്. പിശാചിന്റെ തന്ത്രങ്ങളിൽ വീണുപോകരുത്. ബന്ധുക്കളല്ലാത്തവർ നമ്മുടെ വീട്ടിൽ പാർത്താലും അവരെ കരുതിയും ബഹുമാനിച്ചും പെരുമാറണം. നമ്മെക്കുറിച്ചു ദൂഷ്യം പറയുവാൻ ഇടവരാതിരിക്കത്തക്കവണ്ണം നമ്മുടെ അവരോടുള്ള പെരുമാറ്റം നിർമ്മലമായിരിക്കട്ടെ. നമുക്കുവേണ്ടി വേല ചെയ്യുന്നവരെ കരുതുന്ന മനോഭാവം നമുക്കുണ്ടായിരിക്കണം. നമ്മുടെ വീട്ടിൽ പാർക്കുവാൻ വരുന്നവർ കുബുദ്ധികളാണെങ്കിൽക്കൂടി അവർ നിർമ്മല മാനസരായി രൂപാന്തരപ്പെടുവാൻ നാം മാതൃകയുള്ളവരായിത്തീരണം.

നയമാൻ മാന്യനും മഹാനും പരാക്രമശാലിയും ആയിരുന്നുവെങ്കിലും കുഷ്ഠരോഗിയായിരുന്നുവെന്നു പറഞ്ഞിരുന്നുവല്ലോ (2 രാജാ. 5:1). സ്നേഹിതരേ, നാം എത്ര ഉന്നതരായിരുന്നാലും നമുക്കു കഠിനരോഗം ബാധിച്ചെന്നുവരാം. അപ്പോൾ ദൈവാശ്രയമാണ് അനുപേക്ഷണീയം. നയമാൻ അങ്ങനെതന്നെ ചെയ്തു. കുഷ്ഠരോഗം നയമാന്റെ ദൈവവിശ്വാസവും അനുസരണവുംമൂലം പാടേ ഇല്ലാതാകുകയായിരുന്നു. പക്ഷെ, വിശ്വാസികളേ, നമ്മുടെ ജീവിതത്തിലും ഒരു കുറവുണ്ടെങ്കിൽ വിശ്വാസത്താലും അനുതാപത്താലും പരിഹരിച്ചു മുമ്പോട്ടു പോകണം. ഒരുപക്ഷേ ആ ന്യൂനത മുൻകോപമോ നിഗളമോ അസൂയയോ ആയിരിക്കാം. അതു ചൂണ്ടിക്കാണിച്ചു തരുന്നവരോടു വിദ്വേഷം പുലർത്താതെ ആ ദോഷം വിട്ടകന്നുകൊള്ളണമെന്നാണു വേദപുസ്തകപ്രമാണം. സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ എന്തു ചെയ്യണമെന്ന് ആരാഞ്ഞ ആ യുവാവിനോട് പറഞ്ഞത്, നിനക്ക് ഒരു കുറവുണ്ടെന്നാണ്. പക്ഷെ, ധനികനായ അവൻ അതു പരിഹരിക്കാതെ ദുഃഖിതനായി ഓടി മറയുകയായിരുന്നു. നയമാന്റെ കുറവ് അവൻ പരിഹരിച്ചതുപോലെ നമ്മുടെ ആത്മീയ കുറവും പരിഹരിച്ചുപോകണം. അതിനു രക്ഷിക്കുന്നവനായ ദൈവത്തെമാത്രം ആശ്രയിച്ചാൽ മതിയാകും. നമ്മുടെ ജീവിതത്തിലെ കുറവുകൾ പരിഹരിച്ച് ക്രിസ്തീയ ജീവിതം നയിക്കാം. അരാമിലെ അരുമയായ അടിമ പെൺകുട്ടി ഉപകാരഹസ്തം നീട്ടിക്കൊടുത്തു ശ്രേഷ്ഠയായതുപോലെ നാമും അനുഗ്രഹിക്കപ്പെടുവാൻ ഇടവരുമാറാകട്ടെ. എപ്പോഴും മറ്റുള്ളവരെ ശ്രേഷ്ഠരായി എണ്ണുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ❄



യുവചിന്ത

# നമ്മുടെ ഇടയിൽ അസൂയയോ?

സിന്ധു ഗിരിജൻ, കാഞ്ഞിരമറ്റം

**ഈ** ചോദ്യത്തിനു 'ഏയ് ഒരിക്കലുമില്ല' എന്നു മറുപടി പറയുവാനാണു നമ്മിൽ പലരും ഇഷ്ടപ്പെടുന്നത്. പ്രത്യക്ഷത്തിൽ ഈ ഉത്തരം ശരിയെന്നു തോന്നിയാലും ആത്മീയരെന്നഭിമാനിക്കുന്ന നമ്മുടെ ഉള്ളിന്റെയുള്ളിലേക്ക് ഇറങ്ങിച്ചെന്നു പരിശോധിച്ചാൽ ഈ ചോദ്യം സത്യമല്ലേ എന്ന മറുചോദ്യം ചോദിക്കേണ്ടിവരും. മനുഷ്യഹൃദയത്തിന്റെ അകത്തളങ്ങളിൽ ഉരുവായ് വരുന്ന ഈ സ്വഭാവത്തിന്റെ പ്രത്യക്ഷ അടയാളങ്ങൾ പക, വിദ്വേഷം, വെറുപ്പ്, നീരസം എന്നിവയാണ്. തന്നേക്കാൾ മറ്റൊരുവൻ ഉയരുമ്പോൾ തനിക്കു പ്രാപ്യമാകാതെ പോയ നന്മകൾ, സ്ഥാനമാനങ്ങൾ മറ്റൊരുവനു ലഭ്യമാകുമ്പോൾ അറിയാതെത്തന്നെ ഹൃദയത്തിനകത്ത് അസൂയ ഉടലെടുക്കുവാൻ തുടങ്ങുന്നു.

വിശുദ്ധ വേദപുസ്തകത്തിൽ അസൂയ നിമിത്തം പ്രശ്നങ്ങൾ സൃഷ്ടിച്ച വിവിധ അനുഭവങ്ങൾ നമുക്കു ദർശിക്കുവാൻ സാധിക്കുന്നു. ഹാബേലിലും, അവന്റെ വഴിപാടിലും യഹോവയായ ദൈവം പ്രസാദിച്ചപ്പോൾ കയീന്റെയുള്ളിൽ രൂപംകൊണ്ട അസൂയ പകയായി മാറുകയും അവസാനം ഹാബേലിന്റെ കൊലപാതകത്തിൽ അവസാനിക്കുകയും ചെയ്തു. അപ്പന്റെ ഇഷ്ടപുത്രനായി മാറിയ യോസേഫിനോട് അസൂയ പൂണ്ട സഹോദരന്മാർ ആദ്യം അവനെ പൊട്ടക്കിണറ്റിൽ ഇടുകയും, പിന്നീട് അവനെ മിദ്യാന്യകച്ചവടക്കാർക്കു വിറ്റുകളയുകയും ചെയ്യുന്നതായി ഉല്പ. 37:28 ൽ നാം വായിക്കുന്നു. ഈ ഉദാഹരണങ്ങളിൽ നിന്നെല്ലാം നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നത് അസൂയ എന്ന വികാരത്തിന്റെ അവസാനം ഒരിക്കലും നന്മയായിരിക്കില്ല എന്നത്രെ. തന്റെ ദാസിയായ ഹാഗാർ യിശ്മായേലിനു ജന്മം നൽകിയപ്പോൾ അവളോടു തോന്നിയ അസൂയയാണു ഹാഗാറിനെയും, കുഞ്ഞിനെയും ഭവനത്തിൽനിന്നും ഇറക്കി വിടുവാൻ സാറായെ പ്രേരിപ്പിച്ച ഘടകം.

അസൂയ വരുത്തി വയ്ക്കുന്ന വിനകൾ ധാരാളമാണ്. ആത്മീയ ഗോളത്തിൽ ഇന്നു നാം കാണുകയും, അഭിമുഖീകരിക്കുകയും ചെയ്യുന്ന പല പ്രതിസന്ധികളുടെയും മൂലകാരണം അസൂയതന്നെയാണ് എന്ന് ഒരു വിധത്തിൽ പറയാം. ശുശ്രൂഷാതലത്തിൽ, സഭാപരിപാലനത്തിൽ, ഭരണകാര്യങ്ങളിൽ ഒരു വ്യക്തി മികവു പുലർത്തുമ്പോൾ എങ്ങനെ ഈ വ്യക്തിയെ താറടിച്ചു കാണിക്കാം; എങ്ങനെ അവരെ ആ പദവിയിൽനിന്നും തള്ളിയിടാം എന്നു ചിന്തിക്കുകയും, അതിനായി പരിശ്രമിക്കുകയും ചെയ്യുന്ന വ്യക്തിത്വങ്ങൾ ഇന്നും ആത്മീയ ഗോളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത ലജ്ജാകരമാണ്. ഗലാ. 5:21 ൽ ജഡത്തിന്റെ പ്രവർത്തിയെക്കുറിച്ചു പറഞ്ഞിരിക്കുന്നവയുടെ കൂട്ടത്തിൽ ഒന്നാണ് അസൂയ. ശുശ്രൂഷാതലത്തിലും, വിശ്വാസജീവിതത്തിലും പലരുടെയും പിന്മാറ്റത്തിനും, വീഴ്ചയ്ക്കും കാരണമായ ഈ ഒരു വിഷം ആത്മീയരുടെ ജീവിതത്തിൽനിന്നും മാറിയേ തീരൂ. യാക്കോബ് ലേഖനമെഴുതുമ്പോൾ ഇങ്ങനെ ചോദിക്കുന്നു," അവൻ

നമ്മിൽ വസിക്കുമാറാക്കിയ ആത്മാവ് അസൂയയ്ക്കായി കാംക്ഷിക്കുന്നുവോ (യാക്കോ. 4:5). ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിക്കുന്ന ഒരു വ്യക്തിയിൽ ഈ സ്വഭാവം ഉണ്ടാകുവാൻ പാടില്ല. 1 പത്രോ. 2:1 ൽ പൗലോസ് അപ്പോസ്തലൻ നമ്മെ ഓർമ്മപ്പെടുത്തുന്നത്, "ആകയാൽ സകല ദുഷ്ടതയും, എല്ലാ ചതിവും, വ്യാജഭാവവും, അസൂയയും, എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ. രക്ഷയുടെ സന്തോഷത്തിൽനിന്നും നമ്മെ അകറ്റുന്ന ഒന്നത്രെ അസൂയ എന്നുള്ളത്. ഈ ഒരു സ്വഭാവം നമ്മിൽനിന്നു മാറണമെങ്കിൽ നാം ക്രിസ്തുവിന്റെ ഭാവമുള്ളവരായി മാറണം. ദൈവസ്നേഹം ഹൃദയത്തിൽ ഉള്ള, ദൈവത്തിൽനിന്നും ജനിച്ച ഒരു ദൈവപൈതൽ ശാഠ്യത്താലോ, ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ (ഫിലി. 2:4) എന്ന വചനം പ്രമാണിക്കുന്നവരാകണം. അങ്ങനെ നാം മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കുമ്പോൾ അസൂയ എന്ന വികാരത്തിന് യാതൊരു പ്രസക്തിയും ഇല്ലാതായിത്തീരും. ശാന്തമനസ്സ് ദേഹത്തിനു ജീവൻ, അസൂയയോ അസ്ഥികൾക്കു ദ്രവത്വം (സദൃശ. 14:30). ഒരു യഥാർത്ഥ ദൈവപൈതൽ അസൂയ വെടിഞ്ഞു സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണം അന്വേഷിക്കുകയും, നോക്കുകയും ചെയ്യണം.

ഈ ചിന്തയ്ക്കു ഉപോത്ബലകമായി ഒരു കഥ ഇവിടെ കുറിക്കട്ടെ. ചൂടേറിയ ഒരു മണലാരണ്യത്തിലൂടെ ഒരറബി തന്റെ ഒട്ടകവുമായി യാത്ര ചെയ്യുകയാണ്. അവരുടെ പക്കൽ ഉണ്ടായിരുന്ന അവസാന തുള്ളി വെള്ളവും തീർന്നുകഴിഞ്ഞു. എവിടെനിന്നെങ്കിലും അല്പം വെള്ളം കിട്ടിയിരുന്നെങ്കിൽ എന്ന ആഗ്രഹത്തോടെ അവർ മുമ്പോട്ടു പോകുമ്പോൾ ദൂരെയായി ഒരു മരുപ്പച്ച കണ്ടു. പ്രതീക്ഷയോടെ ചെന്നപ്പോൾ കണ്ട കാഴ്ച അതിൽ അല്പം ജലം ഉണ്ട്. ആ മനുഷ്യൻ രണ്ടു കയ്യും ഉപയോഗിച്ച് അല്പം ജലം കോരിക്കുടിച്ചു. പിന്നെ തന്റെ ഒട്ടകത്തെയും കുടിപ്പിച്ചു. ഒട്ടകം ഒറ്റവലിക്ക് കുറെ വെള്ളം അകത്താക്കി. അറബി വേഗത്തിൽ അതിന്റെ കയറിൽ പിടിച്ച് ഒറ്റവലി. ഒട്ടകത്തിന് തന്റെ യജമാനനോടു ദേഷ്യം തോന്നി. അതു തന്റെ യജമാനനെ ക്രുദ്ധിച്ചു നോക്കി. യജമാനൻ അതിന്റെ ശിരസ്സിൽ തലോടിയിട്ട് ഇങ്ങനെ പറഞ്ഞു, "നിനക്ക് എന്നോടും ദേഷ്യം തോന്നുന്നുണ്ടെന്ന് എനിക്കു മനസ്സിലായി. നോക്കുക. നമുക്കു പിന്നാലെ ഒരൊട്ടകവും അറബിയും വരുന്നുണ്ട്. നാം മുഴുവനും കുടിച്ചുതീർത്താൽ അവർ ദാഹിച്ചു തളർന്നു പോകുകയില്ലേ."

ഇത് ഒരു ഭാവനയാണെങ്കിലും ഇതിൽ മറഞ്ഞുകിടക്കുന്ന ഒരു വലിയ സത്യം ഉണ്ട്. 'അവനവനാത്മ സുഖത്തിനായ് ആചരിക്കുന്നവ അപരനു സുഖത്തിനായി വന്നിടേണം' എന്ന മഹത്വചനങ്ങൾ ഇതിലടങ്ങിയിരിക്കുന്നു. മറ്റുള്ളവർ നമുക്കു ചെയ്യണം എന്നു നാമാഗ്രഹിക്കുന്നത്, നാം അവർക്കു ചെയ്തുകൊടുക്കുന്നവരായിരിക്കണം. വല്ല വിധേനയും നിത്യതയിൽ നമുക്കായി ദൈവം ഒരുക്കുന്ന ശ്രേഷ്ഠ അവകാശം പ്രാപിക്കുവാൻ എല്ലാ ജഡത്തിന്റെ പ്രവൃത്തികളും ഉരിഞ്ഞുകളഞ്ഞ്, ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊണ്ട് ഒരു നല്ല ആത്മീയ ജീവിതം പടുത്തുയർത്താം. ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി മാറിയ കർത്താവായ യേശുക്രിസ്തുവിന്റെ പാത പിൻപറ്റി വിശ്വാസയാനം മുമ്പോട്ടു നയിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ. ❄



# മനുഷ്യനെതിരെ ദൈവശബ്ദം

ഐസക്കുട്ടി

***"നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്തു നാനൂറു സംവത്സരം പ്രവാസികളായിരുന്നു ആ ദേശക്കാരെ സേവിക്കും"*** *ഉല്പ: 15:13*

വിശുദ്ധ ബൈബിളിൽ മോശയാൽ എഴുതപ്പെട്ട പഞ്ച പുസ്തകങ്ങളിൽ പ്രഥമ പുസ്തകമായ ഉല്പത്തിയിൽ 12-ാം അദ്ധ്യായം മുതൽ 50-ാം അദ്ധ്യായം വരെ അബ്രഹാം മുതൽ യോസഫ് വരെയുള്ള നാലു തലമുറകളുടെ ചരിത്രം വർണ്ണിക്കുന്നു. നാനൂറു സംവത്സരങ്ങൾ സംഭവിക്കേണ്ടുന്ന കാര്യങ്ങൾ ക്രിസ്തുവിനുമുമ്പ് ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അബ്രാഹാമിനു ദൈവം വെളിപ്പെടുത്തി. ആകാശത്തിലെ സൈന്യങ്ങളെപ്പോലെ സന്തതികളെ നൽകുമെന്നു ദൈവം പറഞ്ഞതു വള്ളിക്കും പുള്ളിക്കും മാറ്റമില്ലാതെ അതുപോലെ വിശ്വസിച്ചവനാണ് സന്തതികളില്ലാതിരുന്ന വൃദ്ധനായ അബ്രഹാം എന്ന വാഗ്ദത്ത പിതാവ്.

വാഗ്ദത്ത നാട്ടിലേക്കുള്ള നീണ്ട യാത്രയിൽ ദൈവാനുഗ്രഹം ലഭിച്ച അബ്രഹാം മഹാധനവാനായി തീർന്നു. പ്രായം നൂറോടടുത്തിട്ടും പ്രിയ പത്നി സാറായിൽ സന്തതികളില്ലാതിരുന്നതിനാൽ പുത്രദുഃഖം അലട്ടിയിരുന്നെങ്കിലും എല്ലായ്പ്പോഴും ദൈവസന്നിധിയിൽ നീതിമാനായിരുന്നു. സ്വന്തം ഭാര്യയിൽ സന്തതികളില്ലാതെ വന്നാൽ ദാസിമാരെ ഭാര്യമാരാക്കി എടുത്തു പുത്രന്മാരെ ജനിപ്പിച്ചു വംശം നിലനിർത്തുന്ന സമ്പ്രദായം അബ്രാഹാമിന്റെ കാലത്തു നിലവിലുണ്ടായിരുന്നു. അബ്രഹാമിനു സാറായുടെ ദാസിയിൽക്കൂടി സന്തതിയെ നേടിയെടുക്കാൻ കഴിഞ്ഞിരുന്നെങ്കിലും സാറ മച്ചിയായി സന്തതികളില്ലാതെ പ്രായമായിക്കൊണ്ടിരുന്നു.

ഹാരാനിൽനിന്നു തിരിച്ചു പന്ത്രണ്ടു സംവത്സരം കഴിഞ്ഞപ്പോൾ ദൈവദൂതശബ്ദത്താൽ വാഗ്ദത്തസന്തതി ജനിക്കും എന്ന ആശ്വാസവചനം സാറയിൽ വലിയ പ്രതികരണമൊന്നും ഉളവാക്കിയില്ല. വയസ്സു ചെന്ന സാറ പ്രസവിക്കയില്ല എന്നു അവൾക്കു ഉറപ്പുണ്ടായിരുന്നു. എന്നാൽ വാഗ്ദത്ത സന്തതി ദാസിമാരിൽക്കൂടിയായിരിക്കും ജനിക്കുന്നത് എന്ന അവിശ്വാസംമൂലം തന്റെ പ്രിയ വെപ്പാട്ടിയെ ഒന്നുമാലോചിക്കാതെ അബ്രഹാമിനു ഭാര്യയായി നൽകി. ദൈവവചനത്തെ സംശയാസ്പദമായി വീക്ഷിച്ചു ഹാഗാറിനെ അബ്രഹാമിനു നൽകിയപ്പോൾ അവളിൽനിന്നും യിശ്മായേൽ എന്ന ഒരു പുത്രനെ ലഭിച്ചു. യിശ്മായേലിന്റെ ജനനത്തോടെ അബ്രഹാമും സാറായും ഹാഗാറും സന്തോഷമുള്ളവരായി ദൈവത്തെ സ്തുതിച്ചു.

വാഗ്ദത്ത സന്തതി സ്വന്ത ഭാര്യയിൽക്കൂടി ജനിക്കണം എന്ന ദൈവശബ്ദത്തെ അവഗണിച്ചു ദാസീപുത്രനെ സന്തതിയായി വിശ്വസിച്ച സംഭവം അബ്രഹാമിന്റെ ജീവിതത്തിലെ പാളിച്ചകളിലൊന്നായിരുന്നു. വസന്തങ്ങൾ ഒന്നിനു പുറകെ ഒന്നായി പിന്നിട്ടുകൊണ്ടിരുന്നു. നീണ്ട പത്തു വർഷം മുൻപോട്ടു നീങ്ങി. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല എന്നു വരുമാറു സാറായിൽ നിന്നു തന്നെ പുത്രൻ ജനിക്കണമെന്നും അവനു യിസഹാക്ക് എന്നു പേരിടണമെന്നും ദൈവം ഉത്തരവിട്ടു. അബ്രഹാമിനു നൂറു വയസ്സും സാറയ്ക്കും 90 വയസ്സ് ഉള്ളപ്പോൾ ദൈവഹിതപ്രകാരം വാഗ്ദത്ത സന്തതി ജനിച്ചു. ദൈവത്തിന് എല്ലാം സാദ്ധ്യമെന്ന് ഇരുവർക്കും ബോദ്ധ്യമായി.

വാഗ്ദത്ത സന്തതിയുടെ ജനനത്തോടെ ഹാഗാറിന്റെ പുത്രൻ യിശ്മായേൽ സാറായ്ക്കു നിന്ദിതനായി. അവൾ ഹാഗാറിനേയും പുത്രനേയും ആട്ടിയോടിച്ചു. യിശ്മായേൽ വളർന്നുവലുതായി സകല സഹോദരന്മാർക്കും എതിരെ പാർത്തു. യിസഹാക്കും വളർന്നു തലമുറകൾ പിന്നിട്ടുകൊണ്ടിരുന്നു. അബ്രഹാം ദൈവസന്നിധിയിൽ ചെയ്ത

ഒരു ചെറിയ തെറ്റ് ഇന്നും ലോകം ഞെട്ട ലോടെയാണു വീക്ഷിക്കുന്നത്. അബ്രഹാമിന്റെ സന്തതികൾ വളർന്നു വംശങ്ങളും, ഗോത്രങ്ങളും, ജാതികളും രാജ്യങ്ങളുമായി മാറി. ഇന്നവർ യിസ്രായേലും അറബികളുമായി അറിയപ്പെടുന്നു. അവർ പരസ്പരം ഏറ്റുമുട്ടാൻ തുടങ്ങി. അബ്രഹാമിന്റെ ദാസിപുത്രന്മാർ എന്നും വാഗ്ദത്ത സന്തതികൾക്കു എതിരായിരുന്നു. വർത്തമാന കാലംവരെ യിശ്മായേൽ യിസഹാക്കിനു എതിരായിത്തന്നെ ഇരിക്കുന്നു.

ദൈവവിളി കേട്ടു ഇറങ്ങി പുറപ്പെട്ട പുതിയ മനുഷ്യനാകേണ്ടിയിരുന്ന അബ്രഹാം വീണ്ടും പഴയ ജാതീയ സമ്പ്രദായങ്ങളിലേക്കു തിരിഞ്ഞതിനാൽ ദൈവം താല്ക്കാലികമായി കൊടുത്ത ശിക്ഷ സഹസ്രാബ്ദങ്ങൾ പിന്നിട്ടെങ്കിലും ഇന്നത്തെ തലമുറയും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ദൈവം പഴയ അബ്രഹാമിനെ പുതിയ അബ്രഹാമാക്കി മാറ്റിയതോടെ അവന്റെ പഴയ ജാതീയ ആചാരങ്ങളിൽനിന്നും അവൻ പുറത്തുവന്നു.

അബ്രഹാമിനുശേഷം പിൻഗാമികളായ യിസഹാക്ക്, യാക്കോബ്, യോസഫ് എന്നിവരിലേക്കു ചരിത്രം നീങ്ങുന്നു. ദൈവം വാഗ്ദത്തം ചെയ്തതായ കനാനിൽ അബ്രഹാമിനെ കൊണ്ടെത്തിച്ചു എങ്കിലും അവിടെനിന്നും നാലാം തലമുറക്കാർ വീണ്ടും മിസ്രയീമിൽ പ്രവേശിക്കുന്നു. കനാനിൽ നേരിട്ട ക്ഷാമമായിരുന്നു ഇതിനു മുഖ്യകാരണം. ദൈവം തന്റെ വചന ശബ്ദനിവർത്തിക്കായി കനാനിൽ ക്ഷാമം വരുത്തി അബ്രഹാമിന്റെ സന്തതികളെ മിസ്രയീമിലേക്കു കൊണ്ടുപോയതായി കണക്കാക്കാം. യഹോവയുടെ വചനങ്ങൾ മാറ്റമില്ലാത്തവയാണ്.

പുറപ്പാടുപുസ്തകം 6-ാം അദ്ധ്യായം 14-ാം വാക്യം മുതലുള്ള ചില വംശാവലി കണക്കനുസരിച്ചു യാക്കോബ് മുതൽ നാലാം തലമുറക്കാർ മിസ്രയീമിലെ വാസം കഴിഞ്ഞു മടങ്ങിയതിനാൽ നാനൂറു സംവത്സരം പ്രവാസികളായിരുന്നു എന്ന കണക്കു ശരിയല്ല എന്നു ചില ക്രൈസ്തവ വേദ പണ്ഡിതന്മാർ സമർത്ഥിക്കുന്നുണ്ട്. തിരുവചനത്തിലെ സത്യങ്ങൾ മാറ്റമില്ലാത്തവയായതിനാൽ നാലു നൂറ്റാണ്ടുകാലം അവർ സ്വന്തമല്ലാത്ത ദേശത്തുതന്നെയായിരുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന വംശാവലിയിലെ പട്ടിക യാക്കോബ്, ലേവി, കെഹാത്ത്, അമ്രാം, മോശ ഇങ്ങനെയാണ്. യാക്കോബിന്റെ 130-ാം വയസ്സിൽ യിസ്രയേൽ മക്കൾ മിസ്രയീമിലേക്കു പോകുകയും മോശയുടെ 80-ാം വയസ്സിൽ അവർ മിസ്രയീം വിടുകയും ചെയ്തു. ഇതിനിടയിൽ ശേഷിക്കുന്ന രണ്ടു തലമുറ കെഹാത്ത്, അമ്രാം എന്നിവരുടെയാണ്. ഈ ചുരുങ്ങിയ കാലയളവിനെ നാനൂറു സംവത്സരം എന്നു വിശേഷിപ്പിക്കാൻ സാധിക്കുമോ?

സത്യത്തിൽ വിശ്വസിക്കാതെ വചനത്തെ മിഥ്യയായി കരുതുന്നവർക്ക് ഇതുപോലെ അനേകം വിരോധാഭാസങ്ങൾ ബൈബിളിൽ നിന്നും കണ്ടുപിടിക്കാൻ കഴിയും. വചനം സസൂക്ഷ്മം പരിശോധിച്ചാൽ അബ്രഹാം വാഗ്ദത്ത നാട്ടിലെത്തിയിരുന്നു എങ്കിലും ദേശം സ്വന്തമായി ലഭിച്ചിരുന്നില്ല. യോശുവ എന്ന യോദ്ധാവ് ദേശം യുദ്ധം ചെയ്തു പിടിച്ചു അവകാശം ഗോത്രങ്ങൾക്കു വിഭാഗിച്ചപ്പോൾ മാത്രമാണു ദേശം സ്വന്തമെന്നു പറയാൻ ഇടയായത്. കനാനിൽ നാനൂറു സംവത്സരം കഴിഞ്ഞ് അബ്രഹാമിന്റെ മക്കൾ ആധിപത്യം സ്ഥാപിക്കും എന്നു മാത്രമാണ് ഈ വചനംകൊണ്ട് ഉദ്ദേശിക്കേണ്ടതും. അബ്രഹാം, യിസഹാക്ക്, യാക്കോബ്, ലേവി, കെഹാത്ത്, അമ്രാം, മോശ ഇങ്ങനെ ഏഴു തലമുറകൾ സ്വന്തമല്ലാത്ത ദേശത്തായിരുന്നു. വിഷയമല്ലാത്തതിനാൽ കണക്കുകൾ കൂടുതൽ അവതരിപ്പിക്കുന്നില്ല.

അബ്രഹാം വാഗ്ദത്ത നാട്ടിൽ പ്രവേശിച്ചെങ്കിലും കനാനിൽ തുടരെതുടരെ ക്ഷാമമുണ്ടായിക്കൊണ്ടിരുന്നു. ഇത് അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്നിവരുടെ കാലങ്ങളിൽ ആവർത്തിച്ചു. ക്ഷാമമുണ്ടായപ്പോൾ കനാനിൽനിന്നു അബ്രഹാം മിസ്രയീമിലും യിസഹാക്ക് ഗെരാരിലും യാക്കോബ് മിസ്രയീമിലും ശരണം പ്രാപിച്ചു. ഇതിൽനിന്നും അബ്രഹാമിന്റെ കാലം മുതൽ തന്നെ പരദേശപ്രയാണം തുടങ്ങി എന്നു മനസ്സിലാക്കാം. ഫറവോന്റെ സന്നിധിയിൽനിന്നു യാക്കോബ് സ്വയം അവകാശപ്പെടുന്നു 'എന്റെ പരദേശപ്രയാണത്തിന്റെ കാലം നൂറ്റിമുപ്പതു സംവത്സരം ആയിരിക്കുന്നു" (ഉല്പ. 37:9). അബ്രഹാം മുതൽ സ്ഥിരവാസമില്ലാതെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കു മാറിമാറി പ്രയാണം

തുടർന്നു. അവർക്കു ദേശം ഇല്ലാത്തതിനാൽ അലഞ്ഞുനടന്നു. മോശ യിസ്രയേൽ മക്കളെ കനാൻനാട്ടിൽ കൊണ്ടെത്തിക്കും വരെ ഇതു തുടർന്നു.

ബൈബിൾ ചരിത്രങ്ങൾ ലോകചരിത്രങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ ബൈബിളിലെ ചരിത്രങ്ങളെല്ലാം യഥാർത്ഥ സത്യങ്ങളാണ്. ചരിത്രങ്ങൾ സത്യമെന്നു തെളിയിക്കുകയല്ല, ചരിത്രങ്ങളിൽക്കൂടി വചനം സത്യമെന്നു തെളിയിക്കുകയാണു ബൈബിളിന്റെ ലക്ഷ്യം. മെഡിറ്ററേനിയനിൽ മഴ ഇല്ലാതെ വന്നാൽ പാലസ്തീൻ, സിറിയ തുടങ്ങിയ രാജ്യങ്ങളിൽ വരൾച്ച അനുഭവപ്പെടും. വെള്ളമില്ലാതെ വരുന്നതുമൂലം ഭൂമി കൃഷിക്കു ഉപയുക്തമല്ലാതായിത്തീരുകയും ക്ഷാമം അനുഭവപ്പെടുകയും ചെയ്യും. എന്നാൽ ഈജിപ്തിനെ (മിസ്രയീം) നൈൽ നദി സമ്പന്നമാക്കിയിരുന്നു. നൈൽ നദീ തടങ്ങളും സമുദ്രതീരത്തെ ഡൽറ്റാ പ്രദേശങ്ങളും എല്ലാ സമയവും കൃഷിക്കു ഉപയുക്തമാകുന്നു. നൈൽനദിയുടെ കരകളിൽ ഉണ്ടാകുന്ന സമൃദ്ധിയായ വിളവ് രാജ്യത്തെ ക്ഷാമത്തിൽനിന്നും രക്ഷിക്കുന്നു.

മിസ്രയീമിൽ സ്വപ്ന വ്യാഖ്യാതികൾക്കും മന്ത്രവാദികൾക്കും ഉന്നതസ്ഥാനം കല്പിച്ചിരുന്നു. അങ്ങനെയുള്ളവരെ മിസ്രയീമിൽ മുഖ്യസ്ഥാനം നൽകി സ്വീകരിച്ചിരുന്നു. കൂടാതെ ഈജിപ്റ്റിൽ പൗരത്വം നൽകി മിസ്രയീമ്യ നാമം നൽകി ഇവരെ ആദരിച്ചിരുന്നു. ഈ കാരണത്താൽ സ്വപ്നവ്യാഖ്യാനിയായ യോസഫ് യിസ്രയേൽ മക്കൾ മിസ്രയീമിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ അവിടെ കൊട്ടാരത്തിൽ എത്തി. ദൈവഹിതത്താൽ നടത്തപ്പെട്ടവനായ യോസഫ് മിസ്രയീമിൽ പ്രബലനാവുകയും ശ്രേഷ്ഠ പദവിയിലെത്തുകയും രാജാവായ ഫറവോന്റെ രണ്ടാംരഥം അവനു ലഭിക്കുകയും ചെയ്തു. അതിനാൽ യിസ്രയേലിന്റെ മിസ്രയീം പ്രവേശനത്തെ ഫറവോൻ ആദരിക്കുകയും നൈൽ നദീതീരത്തെ എക്കലടിഞ്ഞു കിടക്കുന്ന ഫലഭൂയിഷ്ഠമായ ഗോശാൻ ദേശം അവർക്കു ലഭിക്കയും ചെയ്തു.

ദൈവം അബ്രഹാമിനു വാഗ്ദത്തം ചെയ്തതിന്റെ 185-ാം സംവത്സരം ഈ പ്രയാണം ഉണ്ടായി. വെറും 75 എണ്ണപ്പെട്ട പുരുഷന്മാരും അവരുടെ കുടുംബങ്ങളുമായി യിസ്രയേൽ മിസ്രയീമിൽ പ്രവേശിക്കപ്പെട്ടു എങ്കിലും അഞ്ചു തലമുറകൾക്കുശേഷം അനേക ലക്ഷമായി സന്തതികൾ വർദ്ധിച്ചു. ദൈവം അബ്രഹാമിനോടു പറഞ്ഞ ശബ്ദം നിവർത്തിക്കുന്നതിന്റെ ഒരു മുൻസൂചന മാത്രമായിരുന്നു ഇത്. ദൈവം തന്റെ വാഗ്ദത്തങ്ങൾ നിറപടിയായി നിവർത്തിക്കുന്നു.

നാനൂറു സംവത്സരത്തെ അടിമത്വത്തിനുശേഷം ദൈവം അവരെ വിടുവിക്കുമെന്നു വാഗ്ദത്തം ചെയ്തു. കൂടാതെ സ്വന്തമല്ലാത്ത വളരെ സമ്പത്തോടുകൂടെ പുറപ്പെട്ടുപോരും എന്ന് ഇതു സംഭവിക്കുന്നതിനു നൂറ്റാണ്ടുകൾക്കുമുമ്പു ദൈവം അബ്രഹാമിനോടരുളിച്ചെയ്തിരുന്നു.

രണ്ടാം പുസ്തകമായ പുറപ്പാടിൽ നാനൂറ്റിമുപ്പതു സംവത്സരം കഴിഞ്ഞ് അന്നേദിവസം കുഞ്ഞുകുട്ടികളെ കൂടാതെ ആറു ലക്ഷം പുരുഷന്മാരും അവരോടൊപ്പം ഒരു സമ്മിശ്ര സമൂഹവും കന്നുകാലി സമ്പത്തുകളും ആടുമാടുകളുമായി യഹോവയുടെ ഗണം മിസ്രയീമിൽനിന്നും പുറപ്പെട്ടു. ഇതിനു പുറമേ മിസ്രയീമ്യരുടെ ആഭരണങ്ങൾ അവർ ചോദിച്ചുവാങ്ങി. കൊള്ള ചെയ്യാതെ തന്നെ യഹോവ മിസ്രയീമിന്റെ സമ്പത്തു യിസ്രയേലിന്റെ കയ്യിൽ എത്തിച്ചു. ഫറവോന്റെ യാതനകളനുഭവിച്ചിരുന്ന ഒരുകൂട്ടം മിസ്രയീം ജനതയും യിസ്രയേലിന്റെ സേവകരായി അവരോടൊപ്പം മിസ്രയീം വിട്ടു. യിസ്രയേൽ മിസ്രയീം വിടുമ്പോൾ അവർ കുഴച്ചിരുന്ന മാവ് പുളിച്ചിരുന്നില്ല. കാരണം അവരെ മിസ്രയീമിൽനിന്നും ഓടിക്കയായിരുന്നു.

ദൈവം അബ്രഹാമിനു വെളിപ്പെടുത്തിയ വചനം അതുപോലെ നിവർത്തിച്ചു. ഈ ലോകത്തിന്റെ നാശത്തെക്കുറിച്ച് അനേക പ്രവാചകന്മാരിൽക്കൂടി തിരുവചനത്തിൽ ദൈവശബ്ദത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതൊക്കെയും സംഭവിക്കാൻ പോവുകയാണ്. അതിന്റെ ലക്ഷണങ്ങൾ ഭൂമുഖത്തു തെളിയുന്നുണ്ട്. അടിമവീടായ ഈ ഭൂമിയിൽ നിന്നും വാഗ്ദത്ത നാടായ സ്വർഗ്ഗത്തിലേക്കു ദൈവം നമ്മെ വിളിച്ചുചേർക്കുവാൻ പോകയാണ്. അവ............................നാം അർഹതയുള്ളവരെങ്കിൽ നമുക്കുവേണ്ടിയും സ്വർഗ്ഗകവാടങ്ങൾ തുറന്നുകിട്ടും. നിനക്കു ഈ പ്രത്യാശ ഉണ്ടോ?

❄



# ദൈവം പ്രശ്നങ്ങളെ മാറ്റുമോ?

**പ്രിൻസ് എഡ്വിൻ, പള്ളുരുത്തി**

മനുഷ്യനായി പിറന്ന എല്ലാവരുടെയും ആഗ്രഹവും സ്വപ്നവുമാണു പ്രശ്നങ്ങളില്ലാത്ത ശാന്ത സുന്ദരമായ ജീവിതം. പക്ഷെ എല്ലാ മനുഷ്യനിലുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അവന്റെ പ്രാർത്ഥനാ വാചകങ്ങൾ ഇപ്രകാരമായിരിക്കും. “ദൈവമേ എന്റെ ജീവിതത്തിലെ പ്രശ്നങ്ങളെ മാറ്റിത്തരേണമേ.” പലപ്പോഴും നമ്മുടെ ഇപ്രകാരമുള്ള പ്രാർത്ഥനകൾ ദൈവം കേൾക്കുന്നില്ല എന്നു തോന്നിയിട്ടില്ലേ. എന്താണു അതിനു കാരണം?

ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ, പ്രവാസികളായി ബാബിലോണിലേക്കു പോകേണ്ടിവന്ന ദാനിയേൽ, ശദ്രക്, മേശക്, അബേദ്നെഗോ എന്നിവരെ രാജാവ് എരിയുന്ന തീച്ചൂളയിലേക്ക് ഇടുവാൻ കല്പിച്ചു. ഏഴു മടങ്ങ് ശക്തി വർദ്ധിപ്പിച്ച തീച്ചൂളയിലേക്ക് അവർ വലിച്ചെറിയപ്പെട്ടു. പക്ഷേ ദൈവം താൻ നാലാമനായി തീച്ചൂളയിലേക്ക് ഇറങ്ങിവന്ന് അവരെ വിടുവിച്ചു. ഈ യഹൂദ ബാലന്മാർ തീച്ചൂളയിൽ വീഴാതെ രക്ഷിക്കണമേ എന്നു ദൈവത്തോടു പ്രാർത്ഥിച്ചു കാണും. തീച്ചൂളയിൽ വീഴാതെ ദൈവത്തിന് അവരെ രക്ഷിക്കാമായിരുന്നു. പക്ഷേ ഒരു കാര്യം ഇവിടെ ശ്രദ്ധേയമാണ്. ദൈവം അപ്രകാരം ചെയ്തില്ല. പ്രശ്നത്തെ മാറ്റാതെ അതിൽക്കൂടെ അവരെ കടത്തിവിട്ടു. പ്രശ്നത്തിന്റെ നടുവിൽനിന്നും തീച്ചൂളയുടെ നടുവിൽനിന്നും അവരെ വിടുവിച്ചു.

ദാര്യാവേശ് രാജാവിന്റെ കാലത്തു ദാനിയേലിന്റെ വളർച്ചകളിലും പദവികളിലും അസൂയ പൂണ്ട മേദ്യാപാർസ്യ പ്രഭുക്കന്മാർ രാജാവിനെക്കൊണ്ട് ഒരു നിയമം പാസ്സാക്കിച്ചു. അടുത്ത 30 ദിവസത്തേക്ക് രാജാവിനോടല്ലാതെ വേറെ ഒരു ദൈവത്തോടും പ്രാർത്ഥന കഴിക്കരുത്. കല്പന ലംഘിക്കുന്നവരെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളയും. സത്യദൈവത്തെ ഭജിച്ചുവന്ന ദാനിയേൽ രാജാവിന്റെ കല്പന വകവെക്കാതെ താൻ ദിവസവും ചെയ്തു വന്നതുപോലെ മൂന്നു നേരം യഹോവയായ ദൈവത്തോടു പ്രാർത്ഥിച്ചു. കല്പന ലംഘിച്ച ദാനിയേൽ സിംഹങ്ങളുടെ ഗുഹയിലേക്കു വലിച്ചെറിയപ്പെട്ടു. പക്ഷേ ജീവനുള്ള ദൈവം സിംഹങ്ങളുടെ വായടച്ചു ദാനിയേലിനെ രക്ഷിച്ചു. ഈ സംഭവത്തിലും പ്രാർത്ഥനാവീരനായ ദാനിയേൽ തന്റെ മുമ്പിൽ വന്ന പ്രശ്നത്തെ മാറ്റി കൊടുക്കുവാൻ ദൈവത്തോടു തീർച്ചയായും പ്രാർത്ഥിച്ചിരിക്കും. പക്ഷേ അവൻ സിംഹങ്ങളുടെ ഗുഹയിലേക്കു പ്രശ്നത്തിന്റെ നടുവിലേക്കു വലിച്ചെറിയപ്പെട്ടു. ആ പ്രശ്നത്തിൽനിന്നും ദൈവം വിടുവിച്ചു.

പുതിയ നിയമത്തിലെ ഒരു സംഭവം എടുത്തു പറയട്ടെ. അപ്പൊ. പ്രവൃ. 16:19–34. ഈ ഭാഗം വായിക്കുമ്പോൾ പൗലോസും ശീലാസും നേരിട്ട പ്രശ്നത്തിൽനിന്നും ദൈവം എങ്ങനെ അവരെ വിടുവിച്ചു എന്നു കാണുവാൻ കഴിയും. വെളിച്ചപ്പാടത്തിയായി ലക്ഷണം പറയുന്ന ബാല്യക്കാരത്തിയുടെമേൽ ആവസിച്ചിരുന്ന ഭൂതത്തെ പുറത്താക്കിയ പൗലോസിനെയും ശീലാസിനെയും, കുറ്റം ചുമത്തി കാരാഗൃഹത്തിലാക്കി. തടവിലായിരുന്ന കത്തൃദാസന്മാർ അർദ്ധരാത്രിയിൽ പാടിസ്തുതിച്ചുകൊണ്ടി

രിക്കുമ്പോൾ, പെട്ടെന്നു വലിയ ഭൂകമ്പം ഉണ്ടായി. കാരാഗൃഹത്തിന്റെ അടിസ്ഥാന ങ്ങൾ കുലു ങ്ങി. വാതിലൊക്കെയും തുറ ന്നുപോയി. എല്ലാവരുടെയും ചങ്ങല അഴി ഞ്ഞുവീണു. കാരാഗൃഹ പ്രമാണി ഇതു കണ്ടപ്പോൾ തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു എങ്കിലും പൗലോസിന്റെ ഇടപെട ലിലൂടെ കർത്താവായ യേശുവിൽ വീടടക്കം വിശ്വസിച്ചു സ്നാനമേറ്റു ദൈവത്തോടു ചേരുവാനിടയായി. പിറ്റെന്നാൾ അധി പതികൾ പൗലോസിനെയും ശീലാസി നെയും വിട്ടയച്ചു. പ്രിയമുള്ളവരെ ഇവിടെ പൗലോസും ശീലാസും യാതൊരു തെറ്റും ചെയ്യാതെയാണു കാരാഗൃഹത്തിൽ അട യ്ക്കപ്പെട്ടത്. നീതിമാനായ ദൈവത്തിനു തന്റെ നീതിയാൽ അവരെ കാരാഗൃഹത്തിൽ അടയ്ക്കപ്പെടാതെ രക്ഷിക്കാമായിരുന്നു. പക്ഷേ അവരെ കാരാഗൃഹത്തിലാക്കി അവി ടെനിന്നും ദൈവം അവരെ വിടുവിച്ചു. പൗലോസും ശീലാസും അന്യായമായിട്ടാണു കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടത്, പക്ഷേ അവിടെ കാരാഗൃഹ പ്രമാണിയും കുടും ബവും ദൈവത്തെ രക്ഷകനായി അംഗീക രിച്ച്, സ്നാനപ്പെട്ടു ദൈവത്തോടു ചേരുവാ നിടയായി. അതെ പലപ്പോഴും നമ്മുടെയും ജീവിതത്തിൽ പ്രശ്നങ്ങൾ കടന്നു വരുന്നതു പ്രതീക്ഷിക്കാത്ത സമയത്തായിരിക്കാം. എന്നാൽ അതിന്റെ നടുവിൽ ചിലതു ദൈവ ത്തിനു ചെയ്യുവാനുണ്ട്. നാം അനുഭവി ക്കുന്ന പ്രശ്നങ്ങൾ മറ്റൊരാളുടെ രക്ഷയ് ക്കു കാരണമായി തീരാം. പൗലോസും ശീലാസും കാരാഗൃഹത്തിൽ അടയ്ക്കപ്പെ ടാതെ ഇരുന്നിരുന്നു എങ്കിൽ ഒരുപക്ഷേ കാരാഗൃഹപ്രമാണിയും കുടുംബവും യേശു വിനെ അറികയില്ലായിരുന്നു.

നമ്മുടെ ദൈവത്തിനു പ്രശ്നങ്ങളിൽ അകപ്പെടാതെ, അതിൽ കടക്കാതെ നമ്മെ രക്ഷിപ്പാൻ കഴിയും. എന്നാൽ പ്രശ്നങ്ങളി ലൂടെ കടത്തിവിട്ട് അതിന്റെ നടുവിൽ രക്ഷ കനായി എത്തുവാനാണു ദൈവം പല പ്പോഴും ആഗ്രഹിക്കുന്നത്. അതിൽക്കൂടെ ദൈവം തന്റെ മഹത്വം ജാതികൾക്കു വെളി പ്പെടുത്തി കൊടുക്കുവാൻ ആഗ്രഹിക്കുന്നു. സങ്കീ. 18:29 ൽ യഹോവയുടെ ദാസനായ ദാവീദ് രാജാവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. “നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലും. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടി കടക്കും.” ഇവിടെ ദാവീ ദിന്റെ മുമ്പിലുള്ള പടക്കൂട്ടവും, മതിലുമാണു പ്രശ്നങ്ങൾ. ദാവീദ് അവയെ മാറ്റിത്തരേ ണമേ എന്നല്ല പറയുന്നത്. ദൈവം കൂടെ യുണ്ടെങ്കിൽ പടക്കൂട്ടമാകുന്ന പ്രശ്നത്തിനു നേരെ പാഞ്ഞുചെന്നു വിജയം വരിക്കും. മതിലാകുന്ന പ്രശ്നത്തിനു നേരെ പാഞ്ഞു ചെന്നു വിജയം വരിക്കും. മതിലാകുന്ന പ്രശ്നത്തെ കാല്ക്കീഴാക്കി അതിനെ ചാടി ക്കടക്കും. നമുക്കും ദാവീദിന്റെ വാക്കുക ളോടു ഏകീഭവിക്കാം. നമ്മുടെ പ്രാർത്ഥനാ ശൈലിയെ ഒന്നു മാറ്റാം. പ്രശ്നങ്ങളെ മുന്നിൽനിന്നും മാറ്റേണമെ എന്ന പ്രാർത്ഥന മാറ്റിയിട്ടു ദൈവത്താൽ പ്രശ്നങ്ങളെ അതി ജീവിപ്പാൻ സഹായിക്കണമെ എന്നു പ്രാർ ത്ഥിക്കാം. പ്രശ്നങ്ങളുടെ നടുവിലുള്ള ദൈവിക സാന്നിദ്ധ്യത്തിനായി, ദൈവിക ഇടപെടലിനായി ദൈവിക വിടുതലിനായി നമുക്കു പ്രാർത്ഥിക്കാം.

മുന്നിലുള്ള പ്രശ്നങ്ങൾ എത്ര വലിയ തായാലും, പർവ്വതസമാനമായാലും, അതിനെ തരണം ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കും. വിശ്വാസത്തോടെ ദാവീ ദിന്റെ പ്രാർത്ഥനാവാചകങ്ങൾ നമുക്കും ഏറ്റുപറയാം. “യേശുവേ നിന്നാൽ ഞാൻ പ്രശ്നത്തിന്റെ നേരെ പാഞ്ഞുചെല്ലും. എന്റെ ദൈവത്താൽ ഞാൻ പ്രശ്നമാകുന്ന മതിലിനെ ചാടിക്കടക്കും.” ജീവിതമാകുന്ന പോർക്കളത്തിൽ നമ്മുടെ നേരെ വരുന്ന പ്രശ്നങ്ങളെ അതിജീവിക്കുവാൻ ഒരു വഴിയേ ഉള്ളൂ. യേശുവിന്റെകൂടെ യാത്ര ചെയ്യുക. അവൻ നിന്റെ പ്രശ്നത്തിനു പരി ഹാരം നൽകി നിന്നെ വിടുവിച്ചു മാനിക്കും. ❄



# നാം എഴുന്നേറ്റു പണിയുക

പാസ്റ്റർ മൈക്കിൾ ബാബു രാജ്. കുട്ടിച്ചാൽ

**ദൈ**വജനത്തിന്റെ ആശ്രയവും ശക്തി കേന്ദ്രവും മഹത്വവുമായ യെരുശലേം ദേവാലയത്തിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നതായി അറിഞ്ഞ് ഒരു മനുഷ്യൻ ദൈവത്തോടു കരയുന്നു. തന്റെ സ്ഥാനമാനങ്ങൾ ഉപേക്ഷിച്ചു ചിതറിപ്പോയ ദൈവജനത്തെ കൂട്ടി യെരുശലേമിന്റെ ശൂന്യതകളെ പണിയുവാൻ നെഹമ്യാവ് ദൈവാലോചന പ്രാപിക്കുന്നു. എഴുന്നേറ്റു പണിയുക എന്ന ദൈവാലോചനയിൽ താൻ തന്നോടു കൂടെയുള്ളവരെ ധൈര്യപ്പെടുത്തി. അങ്ങനെ ശൂന്യതകളെ പുതക്കി പണിതു ദൈവമഹത്വം വെളിപ്പെടുത്തുന്നു.

ദൈവത്തിന്റെ കൈ അനുകൂലമെന്നു മനസ്സിലാക്കിയ നെഹമ്യാവ് അർത്ഥഹ്ശിഷ്ടാ രാജാവിന്റെ കല്പനയോടെ യെരുശലേമിൽ മടങ്ങിവന്നു പ്രതികൂലങ്ങളേയും എതിർപ്പുകളേയും വകവെക്കാതെ പ്രവർത്തിക്കുന്നു. അതിന്റെ അവസാനം വീണുപോയ കൂടാരം പണിയപ്പെട്ടു. ദൈവജനത്തിനു മഹാസന്തോഷവും ശത്രുവിന്റെ തകർച്ചയ്ക്കു കാരണവുമായിത്തീർന്നു.

ഉറങ്ങുന്നവനേ ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്നും എഴുന്നേൽക്ക. എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും" (എഫെ. 5:14). ദലീലായുടെ മടിയിൽ ഉറങ്ങിപ്പോയ ശിംശോനെപ്പോലെ ബന്ധനത്തിൽ അകപ്പെട്ടു കാരാഗൃഹത്തിൽ മാവ് പൊടിക്കുവാൻ ഇടയായിത്തീരും. അവൻ ഉറങ്ങിപ്പോയ കാരണത്താൽ ശക്തിയുടെ ഉറവിടമായ ജടകളെ ഫെലിസ്ത്യർ മുറിച്ചുകളയുവാൻ ഇടയായി. യഹോവയുടെ ആത്മാവ് അവനെ വിട്ടുപോയി.

ദൈവജനത്തെ നശിപ്പിക്കുവാൻ അവന്റെ ശക്തി കേന്ദ്രങ്ങളെ തകർക്കുവാൻ പിശാച് അലറുന്ന സിംഹം എന്നപോലെ ചുറ്റിനടക്കുമ്പോൾ നിർമ്മദരായിരിപ്പാനും, ഉണർന്നിരിപ്പാനും പത്രോസ് നമ്മെ പ്രബോധിപ്പിക്കുന്നു (1 പത്രോസ് 5:8). ഉണരാതിരുന്നാൽ കർത്താവു കള്ളനെപ്പോലെ വന്നു നമ്മെ സന്ദർശിക്കുവാൻ ഇടയായിത്തീരും. സഭയോടു പരിശുദ്ധാത്മാവിന്റെ പ്രബോധനവാക്യം ശ്രദ്ധിക്കുക. 'ഉണർന്നുകൊള്ളുക, ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കുക' (വെളി. 3:2). അപ്പനെ വിട്ടു ദൂരദേശത്തേക്കു പോയി സകലവും നഷ്ടപ്പെട്ടപ്പോൾ അവൻ എഴുന്നേറ്റ്, അവന്റെ അപ്പന്റെയടുക്കൽ പോയതുപോലെ നമുക്കും ആയിരിക്കുന്ന സ്ഥാനത്തുനിന്നും ദൈവസന്നിധിയിലേക്കു പോകാം.

എഴുന്നേറ്റു പ്രകാശിക്ക. നിന്റെ പ്രകാശം വന്നിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജാതികളെയും മൂടുമ്പോൾ നിന്റെ മേൽ യഹോവയുടെ തേജസ്സ് ഉദിക്കും. രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും, ജാതികൾ നിന്റെ പ്രകാശത്തിലേക്കും വരും. അപ്പോൾ നീ കണ്ടു ശോഭിക്കും. നിന്റെ ഹൃദയം പിടച്ചു വികസിക്കും. സമുദ്രത്തിലെ ധനം നിന്റെ അടുക്കൽ വരും. ജാതികളുടെ സമ്പത്ത് നിന്റെയടുക്കൽ വരും (യെശ. 60:1–5).

നമ്മുടെ കർത്താവ് നമ്മെ ചേർപ്പാൻ മദ്ധ്യാകാശത്തിൽ വരാറായി. നമ്മുടെ ആത്മീയ നിദ്രകളെ വിട്ട് എഴുന്നേൽക്കാം... ഉപവസിക്കാം... പ്രാർത്ഥിക്കാം..(ലൂക്കൊ. 21:36). ❄

# യുവതരംഗം

## ക്വിസ് 21

**ക്വിസ് 3-ാം സീരിസ് (21-30) ഈ ലക്കം മുതൽ ആരംഭിക്കുകയാണ്. ഓരോ സീരീസിലും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന മൂന്നു പേർക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. കൂടുതൽ പേർക്ക് ഒരേ പോയിന്റ് ലഭിക്കുകയാണെങ്കിൽ നറുക്കെടുപ്പിൽക്കൂടി വിജയികളെ കണ്ടെത്തുന്നതാണ്. ക്വിസിൽ പങ്കെടുക്കുന്നതിലൂടെ തിരുവചന പഠനം സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു.**

1. ഏതു മനുഷ്യനും എന്തിനാണു വേഗതയും എന്തിനാണു താമസവുമായിരിക്കേണ്ടത്?
2. ഈ മഹാപുരോഹിതന്റെ മക്കൾ മന്ത്രവാദികളായിരുന്നു?
3. ജാതികളുടെ മ്ലേച്ഛതകൾക്കൊത്തവണ്ണം മകനെ അഗ്നിപ്രവേശം ചെയ്യിച്ചതാര്?
4. യഹോവയെ പകെക്കുന്നവരോടു നീ സ്നേഹം കാണിക്കുന്നുവോ എന്നു പറഞ്ഞതാര്?
5. യഹോവയുടെ ക്രോധവും, കോപവും ചൊരിഞ്ഞ് ഏതു പട്ടണങ്ങളിലും, വീഥികളിലുമാണു ജ്വലിച്ച് ഇന്നും ശൂന്യവും നാശവുമായി കിടക്കുന്നത്?
6. ആരാണ് മഹാഗർവ്വി?
7. പ്രബോധനം കൈക്കൊള്ളാത്ത വൃദ്ധനും മൂഢനുമായ രാജാവിനെക്കാൾ കൊള്ളാകുന്നവൻ ആര്?
8. യഹോവാഹാശിനെ ഉപദേശിച്ചുപോന്ന പുരോഹിതൻ?
9. ആരാണ് വക്രത നിരൂപിക്കുന്നവൻ?
10. മേഘത്തിന്മേൽ ഇരിക്കുന്നവൻ എന്താണു ഭൂമിയിലേക്ക് എറിഞ്ഞത്?

തിരുത്ത്: ക്വിസ് 2-ാം സീരീസിൽ ബ്ലെസി പി. പ്രശാന്ത് - 99 പോയിന്റ്.

ഉത്തരങ്ങൾ വേദഭാഗസഹിതം മാർച്ച് 30 നകം ലഭിക്കത്തക്കവണ്ണം
താഴെ കാണും വിലാസത്തിൽ അയക്കുക.

Quiz Master, Podiamma Thomas,
Padipurakkal House,
CRA - 67, Chakungal Road,
Palarivattom P.O., Ernakulam - 682025.

ചിന്താശക്തി

# ചിന്തിക്കൂ... ഉത്തരം കണ്ടെത്താം

**ഡെയ്നി പോൾ**

വേദപുസ്തകത്തിലെ പുതിയ നിയമത്തിൽ ഞാൻ നിറഞ്ഞുനിൽക്കുന്നു. എന്നെപ്പറ്റി കേൾക്കുന്നതും കേൾപ്പിക്കുന്നതും അനുഗ്രഹമാണ്. ഞാൻ കടന്നുചെല്ലുന്ന ഇടങ്ങളിൽ അത്ഭുതങ്ങളും അടയാളങ്ങളും നടക്കുന്നു.

എന്റെ പേരിനു നാല് അക്ഷരവും ഒരു അനുസ്വാരവും ഉണ്ട്. ഇതിൽ രണ്ടാമത്തേയും നാലാമത്തേയും അക്ഷരങ്ങളും അനുസ്വാരവും ചേർന്നാൽ കൊല്ലാൻ ഉപയോഗിക്കുന്ന ഒന്നാകും. എന്റെ പേരിന്റെ അവസാന മൂന്നക്ഷരവും അനുസ്വാരവും ചേർന്നാൽ സാധാരണ മനുഷ്യർ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒരു വാക്കാകും. എന്നാൽ ഞാൻ ആരാണ്?



വിസ്മയ കാഴ്ച

# സ്വർഗ്ഗത്തിൽ ഇരുന്ന് പാതാളത്തിലേക്ക് ഒരു യാത്ര

**പു**രോഗതിയുടെ അസാധാരണമായ പടവുകൾ ചവുട്ടിക്കയറുകയാണ് കൊച്ചി എന്ന മഹാനഗരം. മെട്രോപോളിറ്റിയൻ സിറ്റി എന്ന നാമം നെറുകയിൽ ചൂടാൻ ഒരുങ്ങുകയാണ് ആ അറബിക്കടലിന്റെ റാണി.

യുവതലമുറകൾക്ക് വൈറ്റ് കോളർ ജോലി വാഗ്ദാനം ചെയ്യുന്ന ഐടി മേഖലകളും കൊച്ചിയുടെ വികസനകുതിപ്പിനു വേഗത കൂട്ടുന്നു. അപൂർവ്വമായ വിസ്മയ കാഴ്ചകളുടെ വിരുന്നൊരുക്കുന്ന കൊച്ചി; സ്വദേശികളെയും വിദേശികളെയും ഒരുപോലെ ആകർഷിക്കുന്നു. ഈ നഗരകാഴ്ചകളിൽ വിസ്മയമായി തോന്നിയ ഒരു ചെറിയ കാര്യം കുറിക്കട്ടെ. ഈ വിസ്മയം ഒരു അവിശ്വാസിക്കല്ല മറിച്ചു വിശ്വാസിക്കു സ്വന്തം. ആ ചെറിയ കാഴ്ചയിൽ ഒരു വലിയ സന്ദേശം ഉണ്ടായിരുന്നു. അതെന്താണെന്നല്ലേ? പാലാരിവട്ടത്തുനിന്നു കാക്കനാട്ടേയ്ക്കുള്ള യാത്ര. ഓഫീസ് ടൈം ആയതിനാൽ റോഡിൽ നിറയെ വാഹനങ്ങൾ. അതിനിടയിൽ ആനയ്ക്കു മദമിളകിയതുപോലെ ചിന്നം വിളിച്ചുകൊണ്ട് ഒരു സ്വകാര്യ ബസ് പാഞ്ഞു വരുന്നത് എന്റെ വാഹനത്തിന്റെ കണ്ണാടിയിലൂടെ കണ്ടു. കൊച്ചി നിവാസികളുടെ പേടിസ്വപ്നമാണല്ലോ സ്വകാര്യബസ്സുകളുടെ മരണപാച്ചിൽ. ജീവനിൽ അല്പം കൊതിയുള്ളതുകൊണ്ട് എന്റെ വാഹനം സൈഡിലേക്കു മാറ്റിക്കൊടുത്തു. അതുപോലെത്തന്നെ മറ്റുള്ളവരും. ആ പാച്ചിലിനിടയിൽ മിന്നായംപോലെ ബസിന്റെ ബോർഡ് ശ്രദ്ധയിൽപ്പെട്ടു. 'പാതാളം' എന്നായിരുന്നു അത്. 'യെ' പാതാളത്തിലേക്കൊരു ബസ്സോ? എന്റെ വാഹനത്തിന്റെ മുന്നിലേക്കു ഓടിക്കയറിയ ബസിന്റെ മുമ്പിൽ മാർഗ്ഗതടസ്സം നേരിട്ടതിനാൽ കുറച്ചുനേരം അവിടെ നിർത്തിയിടേണ്ടതായി വന്നു. അപ്പോഴാണ് ആ കൗതുക കാഴ്ച ഞാൻ കണ്ടത്. ബസിന്റെ പേര് 'ഹെവൻ'. അതു കൊള്ളാമല്ലോ? ബസിന്റെ പേര് ഹെവൻ. പോകുന്നതു പാതാളത്തിലേക്ക്. ഹാ! എന്തൊരു കോമ്പിനേഷൻ. ബിരിയാണിയും ഉണക്ക മത്തി വറുത്തതും പോലെ. അനുവാചകരെ, ഇതിൽ അത്ഭുതമൊന്നും അവകാശപ്പെടുന്നില്ല. എങ്കിലും സ്വർഗ്ഗം വാഗ്ദാനം ചെയ്തു പാതാളത്തിലേക്ക് (നരകത്തിലേക്ക്) മാനവരാശിയെ കൊണ്ടുപോകുന്ന പിശാചിന്റെ തന്ത്രത്തിന്റെ ഒരു ചിത്രം ഇവിടെ ദൃശ്യമാണ്. ആയിരങ്ങൾ പതിനായിരങ്ങൾ ചതിക്കുഴി അറിയാതെ ഉല്ലാസയാത്ര നടത്തുകയാണ്. പരീശപരിഷകളെ നോക്കി യേശു ഇങ്ങനെ പറഞ്ഞു. "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരും ആയുള്ളോരെ, നിങ്ങൾക്കു ഹാ കഷ്ടം. നിങ്ങൾ മനുഷ്യർക്കു സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ കടക്കുന്നില്ല; കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല. നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി നടക്കുന്നു. ചേർന്നശേഷമോ നിങ്ങൾ അവരെ ഇരട്ടി നരകയോഗ്യർ ആക്കുന്നു (മത്താ. 23:13-15)

പ്രിയ സ്നേഹിതരേ, നിങ്ങൾ ജീവിത യാത്ര ചെയ്യുന്ന വാഹനം എവിടേക്കാണ് എന്ന നിശ്ചയം നിങ്ങൾക്കുണ്ടോ? ഇല്ലായെങ്കിൽ ഇന്നുതന്നെ അത് ഉറപ്പുവരുത്തൂ. സ്വർഗ്ഗത്തിലേക്കുള്ള ഏക വഴി യേശുക്രിസ്തു മാത്രം. **(T. L. S.)** ❄



POEM

# God Delivered Me

**Reena Rachel George**

I was lost but God found me.

I was steeped in misery but God lifted me up.

I was without friends, but He offered me the best friendship.

I was without hope, but He gave me blessed hope.

I was a sinner, but God redeemed me.

I was unworthy, but He made me worthy through His Son.

I was weak, but God strengthened me.

I was poor, but He made me rich in Him.

I was sad and despondent, but He put a smile on my face.

I was trapped by the enemy but He delivered me.

**He sent from above, he took me, he drew me out of many waters. (Psalm 18:16)**

He placed me on solid ground. He gave me a new song in my mouth.

He gave me abundant life. He gave me a reason for living.

He gave me comfort and assurance.

He gave me His attentive ear and a helping hand.

Most of all, He gifted me His Only Son, Who gifted me His life,

For me to enjoy abundant life through Him,

With a new life, being a new creation ,

And hope for a wonderful future, even after life’s over,

The hope of Eternal life with Him in all His glory and splendor,

What more could I want from Him?

My Deliverer, My Strong Refuge,

My Light and My Salvation. ⌘



# പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

## തൃശൂർ സെന്റർ കൺവെൻഷൻ

തൃശൂർ സെന്ററിന്റെ കൺവെൻഷൻ 2015 ജനുവരി, 30, 31 ഫെബ്രുവരി 1 തിയ്യതികളിൽ മാറ്റാംപുറം ദൈവസഭാ ഗ്രൗണ്ടിൽവെച്ച് വളരെ അനുഗ്രഹമായി നടന്നു. സെന്റർ പാസ്റ്റർ ഐസക് തോമസ് സമർപ്പിച്ചു പ്രാർത്ഥിച്ച് ആരംഭിച്ച യോഗങ്ങളിൽ യഥാക്രമം പാസ്റ്റർ അനിൽ കൊടിത്തോട്ടം, പാസ്റ്റർ സണ്ണി കുര്യൻ, പാസ്റ്റർ പി. ജോർജ്ജ് ഫിലിപ്പ് തുടങ്ങിയവർ വചന ഘോഷണം നിർവ്വഹിച്ചു. വിവിധ യോഗങ്ങളിൽ പാസ്റ്റർ ബിനു മാത്യു കഞ്ചിക്കോട്, ഇവാ: ജയേഷ് പുല്ലംകണ്ടം, ഇവാ. സോബിൻ കരിപ്പക്കുന്ന്, പാസ്റ്റർ ഐസക് തോമസ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. ദൈവസഭാ എക്സിക്യൂട്ടീവ് അംഗം ബ്രദർ പോൾ തോമസ്, അഡ്വൈസറി ബോർഡ് അംഗം ബ്രദർ പോൾ വർഗ്ഗീസ് മേടമന, സഹോദരി സമാജം പ്രസിഡന്റ് പൊടിയമ്മ തോമസ് തുടങ്ങിയവരുടെ സാന്നിദ്ധ്യം ശ്രദ്ധേയമായി. ഫെബ്രുവരി 1 ഞായർ രാവിലെ സംയുക്ത സഭായോഗം പാസ്റ്റർ ബേബി കട്ടിലപൂവ്വം പ്രാർത്ഥിച്ച് ആരംഭിച്ചു. ഏകദേശം 170 പേർ പങ്കെടുത്ത യോഗത്തിൽ കൊച്ചി സെന്റർ പാസ്റ്റർ ഒ. തങ്കച്ചൻ, കോട്ടയം സെന്റർ പാസ്റ്റർ പി. വി. ഗിരിജൻ, ബ്രദർ പ്രിൻസ് എഡ്വിൻ, ഇവാ. ഷെൽജൻ പള്ളിപ്പുറം തുടങ്ങിയവർ ആശംസ സന്ദേശങ്ങൾ നൽകി. സമാപന സന്ദേശം പാസ്റ്റർ ജോർജ്ജ് ഫിലിപ്പ് അപ്പോ. 4:7 ആസ്പദമാക്കി അറിയിച്ചു. ഇമ്മാനുവേൽ വോയ്സ്, തൃശൂർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

## ഉപവാസ പ്രാർത്ഥനയും തിരുവത്താഴവും

2015 ഫെബ്രുവരി 23 തിങ്കൾ മുതൽ മാർച്ച് 1 ഞായർവരെ മാറ്റാംപുറം ദൈവസഭയുടെ നേതൃത്വത്തിൽ ഉപവാസപ്രാർത്ഥന നടന്നു. ആലയത്തിലും ഭവനങ്ങളിലുമായി നടത്തപ്പെട്ട മീറ്റിംഗുകളിൽ പാസ്റ്റർ ജോസ്, പാസ്റ്റർ റെജി തോമസ് അടൂർ, ഇവാ മാത്യു ഏബ്രഹാം, പാസ്റ്റർ ഐസക് തോമസ് തുടങ്ങിയവർ വചന ശുശ്രൂഷ നടത്തി. ഞായറാഴ്ച വൈകിട്ട് പാദശുശ്രൂഷയോടുകൂടി നടന്ന തിരുവത്താഴത്തോടുകൂടി ഉപവാസപ്രാർത്ഥന സമാപിച്ചു.

**ബ്രദർ കെ. എ. പീറ്റർ**
തൃശൂർ സെന്റർ സെക്രട്ടറി

## മാസയോഗം - കൊട്ടാരക്കര സെന്റർ

14-02-15 ൽ കിഴക്കേത്തെരുവ് ദൈവസഭയിൽവെച്ചു മാസയോഗം നടത്തപ്പെട്ടു. സ്ഥലം സഭാശുശ്രൂഷകൻ പാസ്റ്റർ ബിനുമോൻ സങ്കീർത്തന പ്രബോധനം നൽകി. പാണ്ടിത്തിട്ട ദൈവസഭയിലെ ബ്ര. ജോസിന്റെ മകൾ ചിപ്പി തന്റെ M.B.B.S. പഠനം പൂർത്തീകരിക്കാൻ ദൈവം അവസരം നൽകിയ സാക്ഷ്യം പറഞ്ഞു. പാസ്റ്റർ സാം ദാനിയേൽ കൂളംപ്പുറം ദൈവസഭയിൽനിന്നും അതിഥി ആയിരുന്നു. സഭാശുശ്രൂഷകരെ പ്രതിനിധീകരിച്ചു പാസ്റ്റർ എം. എസ്. ജോൺ വചനശുശ്രൂഷ നിർവ്വഹിച്ചു. വിശ്വാസികൾക്കു പ്രചോദനം നൽകത്ത

ക്കനിലയിൽ പാസ്റ്റർ ഇ. ബി. ജോർജ് മുഖ്യവചന ശുശ്രൂഷ നൽകി. 10 am ന് പാസ്റ്റർ പാപ്പച്ചൻ പ്രാർത്ഥിച്ച് ആരംഭിച്ച യോഗം പാസ്റ്റർ എം. എസ്. ജോണിന്റെ ആശീർവാദത്തോടെ 1.20ന് അവസാനിച്ചു.

## സി. വൈ. പി. എ. വാർഷികം - കൊട്ടാരക്കര സെന്റർ

28-02-2015 ൽ മുക്കൂർ ദൈവസഭയിൽവച്ചു സൺഡേ സ്കൂൾ, സി. വൈ. പി. എ. വാർഷികം നടത്തപ്പെട്ടു. സ്ഥലം സഭാശുശ്രൂഷകൻ പാ. എം. എസ് ജോൺ അദ്ധ്യക്ഷനായിരുന്നു. ഇവാ. വിൽസൺ ഫിലിപ്പ് ഒരു ചെറുസന്ദേശത്തോടെ പരിപാടികൾക്കു തുടക്കം കുറിച്ചു. സി. വൈ. പി. എ. ജനറൽ ട്രഷറർ പാ. പ്രതീഷ് മുഖ്യപ്രഭാഷണം നടത്തി. സെന്റർ കോർഡിനേറ്റർ പാ. ജോൺ ഡാനിയേൽ, സെന്റർ ട്രഷറർ പാ. റെജി കെ. ടി എന്നിവർ പരിപാടികൾ വിലയിരുത്തുകയും ആശംസകൾ അറിയിക്കയും ചെയ്തു. ക്ലാരിയോൺ ബീറ്റ്സ് സംഗീത ശുശ്രുഷ നിർവ്വഹിച്ചു. സഭയിലെ കുട്ടികളും, മുതിർന്നവരും വിവിധ പരിപാടികൾ അവതരിപ്പിച്ചു. 10 a.m. ന് പ്രാർത്ഥിച്ച് ആരംഭിച്ച പരിപാടികൾ 1 p.m. ന് അവസാനിച്ചു.

**ഇവാ. വിൽസൺ ഫിലിപ്പ്**

## തിരുവല്ലാ സെന്റർ മാസയോഗം

തിരുവല്ല സെന്ററിലെ മാസയോഗം 24-01-2015 ശനിയാഴ്ച പകൽ 10 മണിക്ക് സെന്റർ പാസ്റ്റർ പി. എം. വറുഗീസിന്റെ അദ്ധ്യക്ഷതയിൽ ചില്ലാകുന്ന് സഭാഹാളിൽവെച്ച് നടത്തപ്പെട്ടു. ഇവാ. ഗ്ലാരിസൺ സി. ബി. പ്രാർത്ഥിച്ചാരംഭിച്ച മീറ്റിംഗിൽ പാസ്റ്റർ തോമസ് ദാനിയേൽ 84-ാം സങ്കീർത്തനത്തിൽനിന്നും പ്രബോധിപ്പിച്ചു.

സഭകളുടെ സാക്ഷ്യങ്ങൾക്കും ശുശ്രൂഷകന്മാരുടെ പ്രബോധനങ്ങൾക്കുംശേഷം ഇവാ. അനിൽ വറുഗീസ് ദൈവവചനത്തിൽനിന്നും ശുശ്രൂഷിച്ചു. സെന്റർ പാസ്റ്റർ പി. എം. വറുഗീസ് സമാപന സന്ദേശം നല്കി. 1.30 p.m. ന് അദ്ധ്യക്ഷന്റെ പ്രാർത്ഥനയോടും ആശീർവ്വാദത്തോടുംകൂടെ മീറ്റിംഗ് സമംഗളം പര്യവസാനിച്ചു.

**ഇവാ. ഗ്ലാരിസൺ സി. ബി.**

## മാസയോഗം - ചെങ്ങന്നൂർ സെന്റർ

ചെങ്ങന്നൂർ സെന്ററിന്റെ മാസയോഗം തെക്കേമല ദൈവസഭാ ഹാളിൽവെച്ച് 29-11-14 ശനിയാഴ്ച 10 a.m. ന് സെന്റർ പാസ്റ്റർ വൈ. പൗലോസ് പ്രാർത്ഥിച്ച് ആരംഭിച്ചു. മാസയോഗത്തിൽ എല്ലാ സഭകളിലേയും പാസ്റ്റർമാർ സഭകളെ പ്രതിനിധീകരിച്ചു പ്രബോധനങ്ങൾ നടത്തി. പ്രധാന ദൂത് പാസ്റ്റർ പി. സോളമൻ നിർവ്വഹിച്ചു. 1.30 p.m. ന് സെന്റർ പാസ്റ്ററുടെ ആശീർവ്വാദത്തോടുകൂടി പര്യവസാനിച്ചു. പാട്ട്, പ്രാർത്ഥന പ്രബോധനം സാക്ഷി എല്ലാം ആത്മീക പ്രചോദനം നൽകുന്നതായിരുന്നു.

## പാസ്റ്റേഴ്സ് മീറ്റിംഗ്

13-1-2015 10 a.m. ന് നാല്ക്കാലിക്കൽ പാസ്റ്റർ ജോസ് തോമസിന്റെ ഭവനത്തിൽ സെന്ററിലെ എല്ലാ ദൈവദാസന്മാരുംകൂടി 2015 ലെ ഒരു വർഷത്തെ സെന്ററിലെ പ്രവർത്തനങ്ങൾക്ക് ലിസ്റ്റ് തയ്യാറാക്കി. തുടർന്ന് C.Y. P.A. പ്രവർത്തനം, സഹോദരീസമാജം, സൺഡേ സ്കൂൾ, പാസ്റ്റർമാരുടെ മാസത്തിൽ ഒരു ദിവസത്തെ ഉപവാസ പ്രാർത്ഥന, എല്ലാം കർത്തൃനാമത്തിൽക്കൂടി ആലോചന നടന്നു. 2015 ലെ സെന്റർ C.Y. P.A. സെക്രട്ടറിയായി മാവേ

ലിക്കര ഓലകെട്ടി സഭയിലെ ബ്രദർ ജോർജുകുട്ടിയെ തിരഞ്ഞെടുത്തു. തുടർന്നുള്ള പാട്ട്, പ്രാർത്ഥന എന്നിവയ്ക്കുശേഷം 1 p.m. ന് പ്രാർത്ഥിച്ച് ആശീർവ്വാദം പറഞ്ഞു.

**പാസ്റ്റർ സി. വർഗീസ്,** സെന്റർ സെക്രട്ടറി

## സി. വൈ. പി. എ. തിരുവനന്തപുരം സെന്റർ ക്യാമ്പ്

തിരുവനന്തപുരം സി. വൈ. പി. എ. യുടെ സെന്റർ ക്യാമ്പ് 2015 ഫെബ്രുവരി 14-ാം തിയ്യതി പോങ്ങുംമൂട് ദൈവസഭയിൽവെച്ച് അനുഗ്രഹമായി നടന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. പാസ്റ്റർ തമ്പിക്കുട്ടിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച ക്യാമ്പിൽ സെന്റർ സെക്രട്ടറി പാസ്റ്റർ മൈക്കിൾ ബാബുരാജ് അദ്ധ്യക്ഷത വഹിച്ചു. സെന്റർ പാസ്റ്റർ വി. ശശി 2 തിമൊ 2:1 ആധാരമാക്കി സന്ദേശം നൽകി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രത്യേക അതിഥിയായിരുന്ന ജനറൽ സെക്രട്ടറി ബ്രദർ പ്രിൻസ് എഡ്വിൻ ആശംസയർപ്പിച്ചു. സി. വൈ. പി. എ., സെന്റർ സെക്രട്ടറി ജസ്റ്റിൻ രാജ് താലന്ത് പരിശോധനകൾക്കു നേതൃത്വം നൽകി. തിരുവനന്തപുരം സെന്ററിലെ എല്ലാ സഭകളിൽനിന്നും ഏകദേശം 120 പേർ പങ്കെടുത്തു. കൂടുതൽ പോയിന്റ് നേടിയ നൂങ്ങാംപാറദൈവസഭയ്ക്കു സെന്റർ പാസ്റ്റർ എവർറോളിംഗ് ട്രോഫി നൽകി. ഏറ്റവും കൂടുതൽ വ്യക്തിഗത പോയിന്റ് നേടിയ സ്നേഹ (സബ് ജൂനിയർ), സോണി (ജൂനിയർ), രമ്യ, കരിഷ്മ (സീനിയർ) എന്നിവർക്കും ട്രോഫികൾ നൽകി. വിജയികൾക്കുള്ള സമ്മാനദാനവും നിർവ്വഹിച്ചു.

2015-16 സി. വൈ. പി. എ., ഭാരവാഹികളായി സെക്രട്ടറി ജസ്റ്റിൻ രാജ്, ജോയിന്റ് സെക്രട്ടറി ജോർജ്, ട്രഷറർ ബിജു, കമ്മറ്റി അംഗങ്ങളായി അജയദാസ്, രമ്യ എന്നിവരെ തെരഞ്ഞെടുത്തു. സി. വൈ. പി. എ. സെന്റർ സെക്രട്ടറി കൃതജ്ഞതയർപ്പിച്ചു. പാസ്റ്റർ ജ്ഞാനദാസിന്റെ പ്രാർത്ഥനയോടും, സെന്റർ പാസ്റ്ററുടെ ആശീർവാദത്തോടുംകൂടെ 6 pm ന് ക്യാമ്പ് പര്യവസാനിച്ചു.

## സി. വൈ. പി. എ., സെന്റർ ക്യാമ്പ്

**കോട്ടയം സെന്റർ:** സി. വൈ. പി. എ. സെന്റർ ക്യാമ്പ് 2015 ജനുവരി 26 തിങ്കളാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 5 വരെ കാഞ്ഞിരമറ്റം ദൈവസഭയിൽവെച്ച് അനുഗ്രഹമായി നടത്തുവാൻ കർത്താവു സഹായിച്ചു. രാവിലെ 8.45 ന് രജിസ്ട്രേഷൻ ആരംഭിച്ചു. 9.30 ന് കോട്ടയം സെന്റർ പാസ്റ്റർ പി. വി. ഗിരിജന്റെ അദ്ധ്യക്ഷയിൽ ആരംഭിച്ച സെന്റർ ക്യാമ്പ് ദൈവസഭ എക്സിക്യൂട്ടീവ് അംഗം പാസ്റ്റർ വൈ. സ്റ്റീഫൻ പ്രാർത്ഥിച്ചു ദൈവസന്നിധിയിൽ സമർപ്പിച്ചു. സി. വൈ. പി. എ. ഡയറക്ടർ പാസ്റ്റർ പോൾസൺ സ്റ്റീഫൻ, സി. വൈ. പി. എ. ജനറൽ സെക്രട്ടറി ബ്രദർ പ്രിൻസ് എഡ്വിൻ എന്നിവർ ആശംസകൾ അറിയിച്ചു. സി. വൈ. പി. എ. സെന്റർ സെക്രട്ടറി ബ്രദർ ബാബു പി. വി. സ്വാഗതവും, ട്രഷറർ ബ്രദർ സജീവ് എം. എം. കൃതജ്ഞതയും പറഞ്ഞു. സെന്ററിലെ എല്ലാ ദൈവദാസന്മാരും സി. വൈ. പി. എ. അംഗങ്ങളും സഭാവിശ്വാസികളും ഉൾപ്പെടെ 126 പേർ ക്യാമ്പിൽ പങ്കെടുത്തു. സബ്ബ് ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ എന്നിങ്ങനെ ഗ്രൂപ്പുകളായി തിരിച്ചു മത്സരങ്ങൾ നടത്തി. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ വിജയികൾക്കു സമ്മാനങ്ങൾ നൽകി. ബൈബിൾ ക്വിസ് ബ്രദർ തങ്കച്ചൻ നടത്തി. ഏറ്റവും കൂടുതൽ പോയിന്റ് വാങ്ങിയ കാഞ്ഞിരമറ്റം സഭയ്ക്ക് എവർറോളിംഗ് ട്രോഫി സമ്മാനിച്ചു. 2-ാം

സ്ഥാനം ഉദയഗിരി സഭയും കരസ്ഥമാക്കി. പാസ്റ്റർ രാജേഷ്, കാഞ്ഞിരമറ്റം സഭയിൽ ശുശ്രൂഷ ചെയ്യുന്നു.

**ബ്രദർ ബാബു പി. വി.**
CYPA സെന്റർ സെക്രട്ടറി

## ഉപവാസപ്രാർത്ഥന

കോട്ടയം സെന്റർ ദൈവസഭകളുടെ ഏകദിന ഉപവാസപ്രാർത്ഥന 2015 ഫെബ്രുവരി 14 ശനിയാഴ്ച തിരുവാണിയൂർ സഭയിൽവച്ച് അനുഗ്രഹമായി നടത്തുവാൻ കർത്താവു സഹായിച്ചു. രാവിലെ 10 മണിക്ക് പാസ്റ്റർ ജേക്കബ് ജോർജ്ജ് പ്രാർത്ഥിച്ചാരംഭിച്ച ഉപവാസ പ്രാർത്ഥന സെന്റർ പാസ്റ്റർ പി.വി. ഗിരിജന്റെ അദ്ധ്യക്ഷതയിൽ നടന്നു. സെന്ററിലെ എല്ലാ ദൈവദാസന്മാരും സഭാപ്രതിനിധികളും ഈ പ്രാർത്ഥനയിൽ സംബന്ധിച്ചു. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുശേഷം ഇവാ. ജോൺ ബെഞ്ചമിൻ, പാ. ശശി എബ്രാഹം തുടങ്ങിയ ദൈവ ദാസന്മാർ വചന ശുശ്രൂഷ നിർവ്വഹിച്ചു. പാ. വൈ. സ്റ്റീഫന്റെ പ്രാർത്ഥനയോടും ആശിർ വാദത്തോടുംകൂടെ മീറ്റിംഗ് 1.30 p.m. നു പര്യവസാനിച്ചു. ഇവാ. മാധവൻ ഇവിടെ ശുശ്രൂഷ ചെയ്യുന്നു. പ്രാർത്ഥനയിൽ ഓർക്കുക.

– **സെന്റർ സെക്രട്ടറി,** കോട്ടയം സെന്റർ


**DOOTHAN PRAYER CELL**
**ദൂതൻ പ്രയർ സെൽ**

**നിങ്ങളുടെ ഏതു പ്രശ്നങ്ങൾക്കും**
**പരിഹാരം നൽകുവാൻ**
**കർത്താവായ യേശുക്രിസ്തുവിനു**
**മാത്രമേ കഴിയുകയുള്ളൂ.**
**ദൈവസഭാ ദൂതൻ പ്രയർ സെൽ**
**നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണ്.**
**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ**
**താഴെക്കാണുന്ന വിലാസത്തിൽ അറിയിക്കുക.**

**Send your prayer request in the following address:**
**DOOTHAN PRAYER CELL**
**CRA-67, Chakungal Road**
**Palarivattom, Kochi - 682 025**
**E-mail:padipurakkal@yahoo.co.uk**
**Ph: 92497 20378**


ചിന്താശക്തിയുടെ ഉത്തരം: സുവിശേഷം

# ഫാമിലി സെമിനാർ 2015

ദൈവസഭ കൊച്ചിൻ സെന്റർ സഹോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ സെന്റർ കൺവെൻഷന്റെ 2–ാം ദിവസം ഫെബ്രുവരി 7–ാം തിയ്യതി ശനിയാഴ്ച ഫാമിലി സെമിനാർ കഴുത്തുമുട്ട് ദൈവസഭാഹാളിൽവെച്ച് അനുഗ്രഹമായി നടന്നു. കൃത്യം 10 മണിക്ക് പ്രാർത്ഥിച്ച് ആരംഭിച്ച സെമിനാറിൽ സെന്റർ പാസ്റ്റർ ഒ. തങ്കച്ചൻ അദ്ധ്യക്ഷ വഹിച്ചു. പ്രസ്തുത മീറ്റിംഗിൽ കൗൺസിലറും സൈക്കോളജിസ്റ്റുമായ ബ്രദർ റെജി ജേക്കബ്ബ് കുടുംബജീവിതത്തിന്റെ വിജയത്തിനാവശ്യമായ ക്ലാസ്സുകൾ എടുത്തു. കൊച്ചിൻ, കോട്ടയം സെന്ററിൻനിന്നു വിശ്വാസികളും ദൈവദാസന്മാരും സംബന്ധിച്ചു. കൊച്ചിൻ സെന്റർ സഹോദരി സമാജം പ്രസിഡന്റ് സിസ്റ്റർ മേരി ജോർജ് സ്വാഗതവും സെന്റർ സെക്രട്ടറി റീനാ ഷിബു തങ്കച്ചൻ കൃതജ്ഞതയും രേഖപ്പെടുത്തി. ദൈവസഭാ പ്രസിഡന്റ് പാസ്റ്റർ ജോർജ് ഫിലിപ്പിന്റെ പ്രാർത്ഥനയോടും ആശീർവ്വാദത്തോടുംകൂടെ സെമിനാർ പര്യവസാനിച്ചു

**സെന്റർ സെക്രട്ടറി**
റീന ഷിബു തങ്കച്ചൻ



# പുത്തൻ തലമുറ

ഡേവിമോൻ : അച്ചായാ, ഞാൻ വിശുദ്ധനായി കേട്ടോ.

ഔസേഫച്ചൻ : ങ്ങേ, ഡേവിമോൻ ഇത്ര പെട്ടെന്നു മാനസാന്തരപ്പെട്ടോ? ദൈവത്തിനു സ്തോത്രം.

ഡേവിമോൻ : അതെന്താ അച്ചായാ അങ്ങനെ പറഞ്ഞത്?

ഔസേഫച്ചൻ : അല്ലാ, എല്ലായ്പ്പോഴും നിന്റെ വായിൽനിന്ന് fb, chating, cheating എന്ന വാക്കുകൾ മാത്രമല്ലേ വരുന്നത്. ആദ്യമായിട്ടാണല്ലോ 'വിശുദ്ധൻ' എന്ന വാക്ക് നീ ഉപയോഗിച്ചത്. അതുകൊണ്ടു പറഞ്ഞതാ. ആട്ടെ. മോൻ എന്തു പുണ്യമാണു ചെയ്തത്?

ഡേവിമോൻ : ഞാനേ താഴത്തുകിടന്നിരുന്ന ഒരു അമ്മച്ചിയുടെ ബൈബിൾ എടുത്തു അമ്മച്ചിക്കു കൊടുത്തു. അങ്ങനെ ഞാൻ വിശുദ്ധനായി.

ഔസേഫച്ചൻ : നീ സഹായിച്ചതൊക്കെ നല്ല കാര്യം, പക്ഷേ നീ എങ്ങനെ വിശുദ്ധനായി എന്നാണു പറയുന്നത്?

ഡേവിമോൻ : ചാവറച്ചനേയും എവുപ്രാസ്യമ്മയെയും വിശുദ്ധന്മാരാക്കാം. അവരും പുണ്യപ്രവർത്തനങ്ങൾ ചെയ്തിട്ടല്ലേ വിശുദ്ധന്മാരായത്. അങ്ങനെയാണെങ്കിൽ ഞാനും പുണ്യപ്രവർത്തനം ചെയ്തില്ലേ. അപ്പോൾ ഞാനും വിശുദ്ധനായി.

ഔസേഫച്ചൻ : ആട്ടെ ആരാണാവോ, മോനെ വിശുദ്ധനായി പ്രഖ്യാപിച്ചത്?

ഡേവിമോൻ : വേറാരുമല്ല... ഞാൻ തന്നെ.

ഔസേഫച്ചൻ : എടാ കൊച്ചനേ ഈ ഭൂമിയിൽ ആരും വിശുദ്ധന്മാരല്ല. നീതിമാൻ ആരുമില്ല; ഒരുത്തൻപോലുമില്ല എന്നാണു ദൈവവചനം പറയുന്നത്. ദൈവമൊഴിച്ച് ആരും വിശുദ്ധരല്ല. പിന്നെ വിശുദ്ധരെന്നു പ്രഖ്യാപിക്കുവാൻ ആർക്കും അനുവാദം കൊടുത്തിട്ടുമില്ല.

ഡേവിമോൻ : ഈ അച്ചായന് ഒന്നും പറഞ്ഞാൽ മനസ്സിലാവില്ല. അച്ചായനോടു പറയുന്നതിനെക്കാട്ടും ഭേദം മാർപാപ്പയോടു പറഞ്ഞാൽ മതിയായിരുന്നു. ആള് എന്നെ വിശുദ്ധനാക്കിയേനെ. ശ്ശേ, വെറുതേ സമയം കളഞ്ഞു *(നിസ്സി ജോയ്)* ❄

# ആരോഗ്യപംക്തി

**നിത്യജീവിതത്തിൽ നാം അനുഭവിക്കുന്ന പല ശരീരാസ്വസ്ഥതകൾക്കും വീട്ടിൽ തന്നെ പ്രതിവിധി നേടാവുന്ന ചില ഒറ്റമൂലികളെക്കുറിച്ചു നമുക്കു മനസ്സിലാക്കാം.**

**അൾസർ**

ബീറ്റ്റൂട്ട് നീര് തേൻ ചേർത്ത് കഴിക്കുക.
വാഴപ്പിണ്ടി നീരും തേനും ചേർത്ത് കഴിക്കുക
നേന്ത്രപ്പഴവും മാതളച്ചാറും നിത്യവും കഴിക്കുക.
അയമോദകം മോരിൽ അരച്ചു കുടിക്കുക
ഒരു ഗ്ലാസ്സ് കുമ്പളങ്ങാനീര് നിത്യവും രാവിലെ കഴിക്കുക

**ഉളുക്ക്**

മുരിക്കിൻ പശയും മഞ്ഞളും ചേർത്തു അരച്ചു പുരട്ടുക
ഇടിഞ്ഞിലിന്റെ തൊലി അരച്ചു പുരട്ടുക
തൊട്ടാവാടി കല്ലുപ്പുചേർത്ത് അരച്ച് അരിക്കാടിയിൽ തിളപ്പിച്ചു പുരട്ടുക
തേങ്ങാപ്പാലിൽ വെളുത്തുള്ളി പുഴുങ്ങി അരച്ച് പല പ്രാവശ്യം പുരട്ടിയാൽ ഉളുക്കു നീര് ശമിക്കും

**ഛർദ്ദി**

വെളുത്തുള്ളി, ഇഞ്ചി, കൂവളത്തില, കടുക്, ഞറുങ്ങ
ണപ്പുല്ല്, മുരിങ്ങപ്പട്ട, കോലിഞ്ചി, ഉപ്പ് ഇവ തിളപ്പിച്ച് വറ്റിച്ച് അല്പംവീതം കുടിക്കുക. ഉപ്പും പഞ്ചസാരയും ചേർത്തു തിളപ്പിച്ച വെള്ളം ധാരാളം കുടിക്കുക.

**ശരീരോന്മേഷത്തിന്**

എല്ലായ്പ്പോഴും സ്മാർട്ടായിരിക്കാൻ ദിവസവും ഓരോ കപ്പ് ഓട്സ് കുടിക്കുക
ദിവസവും ചുരുങ്ങിയത് എട്ട് ഗ്ലാസ്സ് വെള്ളമെങ്കിലും കുടിക്കുക
വിറ്റാമിൻ സി കൂടുതൽ അടങ്ങിയ പഴങ്ങളോ പഴച്ചാറോ കുടിക്കുക

**കണ്ണുവേദനയ്ക്ക്**

ചെത്തിമൊട്ട് ചതച്ചുപിഴിഞ്ഞ നീര് മുലപ്പാലിൽ ചേർത്ത് കണ്ണിൽ ഒഴിക്കുക

**എട്ടുകാലി കടിച്ചാൽ**

മഞ്ഞളും തുളസിയിലയും അരച്ച് പാലിൽ ചേർത്തു കഴിക്കുക.

**പനി**

വെളുത്തുള്ളി, കുരുമുളക്, ഏലം, ചുക്ക്, കൃഷ്ണത്തുളസി ഇവ കഷായംവെച്ചു കുടിക്കുക.
കുരുമുളകും ചുക്കും പൊടിയാക്കി ഇഞ്ചിനീരിൽ ചേർത്ത് ചൂടാക്കി കുടിക്കുക
കാഞ്ഞിരത്തൊലി അരച്ച് കാൽവെള്ളയിലും, കൈവെള്ളയിലും പുരട്ടുക.
ചുക്കും മല്ലിയുമിട്ട് തിളപ്പിച്ച വെള്ളം കുടിക്കുക
തുളസി പിഴിഞ്ഞ നീരിൽ തേൻ ചേർത്ത് കഴിക്കുക

**വാതപനി**

കുറുന്തോട്ടി വേര് ഇടിച്ചു ചതച്ച് പാൽക്കഷായംവെച്ച് കഴിക്കുക

**അപസ്മാരം**

വയമ്പ് പൊടിച്ചതും തേനും ബ്രഹ്മി നീരിൽ ചേർത്ത് കഴിക്കുക  അപസ്മാരം ശമിക്കും.

CHURCH OF GOD HERALD
RNI-REG.NO.16984/68. BOOK POST-PERIODICAL

### കാഞ്ഞിരമറ്റം ദൈവസഭ ഒരുക്കുന്ന

# ബൈബിൾ കൺവെൻഷനും
# സംഗീത വിരുന്നും

**സ്ഥലം**
കാഞ്ഞിരമറ്റം ദൈവസഭാഹാളിന് സമീപം
(തൊണ്ടിലങ്ങാടി റോഡ്)

**തീയതി**
2015 മാർച്ച് 27, 28, 29 (വെള്ളി, ശനി, ഞായർ)

**സമയം**
ദിവസവും 6.00 pm മുതൽ 9.00 pm വരെ

**സമർപ്പണം**
പാസ്റ്റർ പി. വി. ഗിരിജൻ (സെന്റർ പാസ്റ്റർ)

**പ്രാസംഗകർ**

സിസ്റ്റർ ശ്രീലേഖ (മാവേലിക്കര)
പാസ്റ്റർ വി. ഡി. സെഖറിയ
പാസ്റ്റർ അനിൽ കൊടിത്തോട്ടം

സംഗീതം
**ഡിവൈൻ മെലഡീസ്**
കൊച്ചിൻ

**ഏവരെയും സാദരം ക്ഷണിച്ചുകൊള്ളുന്നു**

**കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ രാജേഷ് 9947077736**

Ebenezer 0487-2361892